വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2022
ഫെബ്രുവരി

Coirfed


# കയർ വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)

വികസനക്കുതിപ്പിനായി
100
ദിന
പരിപാടി

## എഡിറ്റോറിയൽ:
## നേരിടാനുണ്ട് പുത്തൻ വെല്ലുവിളികൾ





Coirfed
Deep Sleep
MATTRESS
Wake up to good health
Coirfed
Coirfed
The Kerala State Co-operative Coir Marketing Federation Ltd. No.679
PB.No.4616, Alappuzha, Kerala, India, Tel + 91 477 2243627, 2243628,2243629, Fax: +91 477 2244013
E-mail: coirfedho@gmail.com. Website: www.coirfed.com, www.coirfed.kerala.gov.in

# കയർ വ്യവസായം

# ഉള്ളടക്കം


**Vol-5, No.-7**
Established in 1998
Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**V.R. Vinod IAS**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**



**PAGE 06**



**സംസ്ഥാന പുരോഗതിക്ക് ഗതിവേഗം കൂട്ടാൻ വീണ്ടും നൂറുദിന പരിപാടി**

**PAGE 08**



**കയർമേഖലയ്ക്ക് ഉദാരധനസഹായം സർക്കാരിന് അഭിനന്ദനം: കയർഫെഡ് ചെയർമാൻ**

**PAGE 13**



**മികച്ച പ്രകടനവുമായി കയർ വികസന വകുപ്പ്**

**PAGE 20**




**പുതുചരിത്രം രചിച്ച് കയർ വികസന വകുപ്പ്**

**PAGE 22**



**സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ്– 2 രണ്ടാംഘട്ട പരിശീലനം പൂർത്തിയായി**



**ലേഖകരുടെ അഭിപ്രായങ്ങൾ കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്



**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**




# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി – 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29







# എഡിറ്റോറിയൽ

## നേരിടാനുണ്ട് പുത്തൻ വെല്ലുവിളികൾ

**കേ**രളത്തിലെ 200 ഓളം തീരദേശ വില്ലേജുകളിലെ മുഖ്യജീവനോപാധിയായ കയർ വ്യവസായം ശോഷിച്ച് ദുർബലാവസ്ഥയിലായ സാഹചര്യത്തിലാണ് ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുന്നത്. ഈ മേഖലയിലെ പ്രതിസന്ധികളെ സൂക്ഷ്മമായി പഠിച്ച് സർക്കാർ നടപ്പിലാക്കിയ രണ്ടാം കയർപുനസംഘടന പദ്ധതിയുടെ ഫലമായി കയർ വ്യവസായം കരുത്തോടെ മുന്നോട്ട് പോകുകയാണ്. അതേസമയം തന്നെ ആഗോള തലത്തിലും ദേശീയ തലത്തിലും വിപണിയിലുണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ ചലനങ്ങൾ കേരളത്തിന്റെ കയർ മേഖലയിൽ പുതിയ പ്രതിസന്ധികൾക്ക് കാരണമാകുകയാണ്. ഇതിന് ഉത്തമ ഉദാഹരണമാണ് നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നുള്ള വെല്ലുവിളികൾ. അവിടെ ചകിരിച്ചോർ കയറ്റുമതി ഉയർച്ചയിൽ നിന്ന് ഉയർച്ചയിലേക്ക്കുതിക്കുകയാണ്. ചകിരിച്ചോറിന്റെ കയറ്റുമതി വില ഏകദേശം 27 രൂപയോളമായി ഉയർന്നിരിക്കുന്നു. ഒരു കിലോ ചകിരി ഉത്പാദിപ്പിക്കുമ്പോൾ ചുരുങ്ങിയത് രണ്ട് കിലോ ചകിരിച്ചോറ് ലഭിക്കും. അങ്ങനെ, ഒരു കിലോ ചകിരി ഉത്പാദിപ്പിക്കുമ്പോൾ തമിഴ്നാട്ടിലെ മില്ലുകൾക്ക് 50 രൂപയോളം ചകിരിച്ചോറിൽ നിന്നുതന്നെ ലഭിക്കുമെന്ന് കാണുവാൻ കഴിയും.

തമിഴ്നാട്ടിൽ ചകിരി, ചകിരിച്ചോറിന്റെ ഉപോത്പന്നമായി മാറുന്ന പരിതസ്ഥിതിയിൽ ചകിരി വില ഇനിയും താഴാൻ ഇടയുണ്ട്. അതോടെ തമിഴ്നാട് ഉത്പാദിപ്പിക്കുന്ന ചകിരി ഉപയോഗിച്ച് കയർ ഉത്പാദനം ശക്തിപ്പെടുത്തുകയാണ്. ചകിരിയുടെയും കയറിന്റെയും വില കുറവ് കാരണം കേരളത്തിലേയ്ക്കു മാത്രമല്ല ഇന്ത്യൻ കമ്പോളത്തിലേയ്ക്കാകെ തമിഴ്നാട് കയർ പ്രവഹിക്കുകയാണ്.

കേരളത്തിലാകട്ടെ ചകിരിച്ചോറിന് അഞ്ചുരൂപ മാത്രമാണ് വില ലഭിക്കുന്നത്. ഇടയ്ക്കിടെ മഴ ലഭിക്കുന്ന സംസ്ഥാനമെന്ന നിലയിൽ ചകിരിച്ചോറ് കഴുകി ഉണക്കുകയെന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ദുഷ്കരവുമാണ്. കേരളത്തിന്റെ ചകിരിച്ചോറിൽ ഉപ്പിന്റെ അംശം കൂടുതലായതിനാൽ കംപ്രസ് ചെയ്ത് കയറ്റുമതി ചെയ്യാനുള്ള ബുദ്ധിമുട്ടും ചെറുതല്ല. ഇത്തരം ചെറുതും വലുതുമായ നിരവധി വെല്ലുവിളികളെ അടിയന്തിരമായി നേരിടാനുള്ള ശാസ്ത്രീയവും ജനകീയവുമായ മാർഗങ്ങൾ കണ്ടെത്തിക്കൊണ്ട് മാത്രമേ നമുക്ക് മുന്നോട്ടുള്ള കുതിപ്പ് തുടരാനാവൂ.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ






### സംസ്ഥാന പുരോഗതിക്ക് ഗതിവേഗം കൂട്ടാൻ

# വീണ്ടും നൂറുദിന പരിപാടി

## നടപ്പാക്കുന്നത് 17183.89 കോടിയുടെ 1557 പദ്ധതികൾ

**സം**സ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തിനു മുന്നോടിയായുള്ള നൂറുദിന പരിപാടിക്ക് തുടക്കമായി. വിവിധ മേഖലകളിലായി 17,183.89 കോടി രൂപയുടെ 1557 പദ്ധതികളാണ് നൂറുദിന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തു നടപ്പാക്കുന്നത്. കോവിഡ് പ്രതിസന്ധിക്കാലത്തും സർക്കാരിന് ഉണർന്നു പ്രവർത്തിക്കാൻ കഴിഞ്ഞതിന്റെ പ്രതിഫലനമാകും നൂറുദിന പരിപാടികൾ. സംസ്ഥാന പുരോഗതിക്ക് ഗതിവേഗം കൂട്ടുന്ന അനേകം പദ്ധതികളാണ് ഇതിലൂടെ യാഥാർഥ്യമാകുക.

ഫെബ്രുവരി 10 മുതൽ മെയ് 20 വരെയുള്ള കാലയളവിലാണ് നൂറുദിന പരിപാടി നടക്കുക. ഉന്നത നിലവാരത്തിലുള്ള 53 സ്കൂളുകൾ നാടിന് സമർപ്പിച്ചു കൊണ്ടാണ് സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ തുടക്കം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി നിരവധി സ്കൂളുകളാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയത്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവൃത്തി തുടരും.

പരിപാടിയുടെ ഭാഗമായി വൈദ്യുതി വകുപ്പ് 5,87,000, ജലവിഭവവകുപ്പ് 3,91,282, തദ്ദേശസ്വയംഭരണ വകുപ്പ് 7,73,669 എന്നിങ്ങനെ തൊഴിൽദിനങ്ങൾ സൃഷ്ടിക്കും. നിർമാണ പ്രവൃത്തികളിലൂടെയുള്ള തൊഴിൽ ദിനങ്ങളായതിനാൽ അതിഥി തൊഴിലാളികൾക്കും ഇതിലെ ഒരു പങ്ക് സ്വാഭാവികമായി ലഭ്യമാകും. നിർമാണ പ്രവൃത്തികളെ ആസ്പദമാക്കിയുള്ള തൊഴിൽ ദിനങ്ങൾക്കു പുറമെ പ്രത്യക്ഷവും പരോക്ഷവുമായി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ 4,64,714 ആണ്. ഇതിൽ കൃഷി വകുപ്പ് 1,12,000 പ്രത്യക്ഷ തൊഴിലവസരങ്ങളും 56,500 പരോക്ഷ തൊഴിലവസരങ്ങളും വനംവകുപ്പ് സാമൂഹ്യ വനവത്ക്കരണ പദ്ധതിയിലൂടെ (എം.ജി.എൻ.ആർ.ഇ.ജി.എസ്) 93,750 തൊഴിലവസരങ്ങളും സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

നൂറു ദിവസത്തിനുള്ളിൽ 140 നിയമസഭാ മണ്ഡലങ്ങളിൽ 100 കുടുംബങ്ങൾക്കു വീതവും 30,000 സർക്കാർ ഓഫീസുകൾക്കും കെ ഫോൺ കണക്ഷൻ നൽകും.




ഗ്രാമനഗരഭേദമന്യേ കേരളമൊന്നാകെ മികച്ച ഇന്റർനെറ്റ് ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി ഒരുക്കുകയും ലക്ഷക്കണക്കിനു കുടുംബങ്ങൾക്ക് ഇന്റർനെറ്റ് സൗജന്യമായി നൽകുകയും ചെയ്യാൻ ലക്ഷ്യമിടുന്ന കെ ഫോൺ പദ്ധതി അതിവേഗതയിൽ പുരോഗമിക്കുകയാണ്. 2019ൽ കരാർ ഒപ്പിട്ട ഈ ബൃഹദ് പദ്ധതി പ്രളയവും കോവിഡും ഉൾപ്പെടെയുള്ള പ്രതികൂല സാഹചര്യങ്ങൾ മറികടന്ന് അതിന്റെ ലക്ഷ്യത്തോട് അടുക്കുകയാണ്.

ലൈഫ് മിഷൻ വഴി ഇരുപതിനായിരം വ്യക്തിഗത വീടുകളുടെയും മൂന്ന് ഭവനസമുച്ചയങ്ങളുടെയും ഉദ്ഘാടനം നിർവഹിക്കും. സംസ്ഥാനത്തൊട്ടാകെ വാതിൽപ്പടി സേവനം ആരംഭിക്കും. അതിദാരിദ്ര്യ സർവ്വേ മൈക്രോപ്ലാൻ പ്രസിദ്ധീകരിക്കും. എല്ലാ ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ തുറക്കും. എല്ലാവരുടെയും റേഷൻ കാർഡുകൾ സ്മാർട്ട് കാർഡുകളാക്കി മാറ്റുന്ന പദ്ധതി ഉദ്ഘാടനം ചെയ്യും.

ഭൂരഹിതരായ 15,000 പേർക്ക് പട്ടയം വിതരണം ചെയ്യും. ഭൂമിയുടെ അളവുകൾ കൃത്യമായി രേഖപ്പെടുത്തുന്ന ഡിജിറ്റൽ സർവേ തുടങ്ങും. ജനങ്ങൾക്കു ദുരന്ത നിവാരണ വിദ്യാഭ്യാസം, ദുരന്ത നിവാരണ സാക്ഷരത എന്നിവ നൽകുന്ന പദ്ധതി ആരംഭിക്കും. കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി ഉദ്ഘാടനം ചെയ്യും. 10,000 ഹെക്ടറിൽ ജൈവ കൃഷി തുടങ്ങും. സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ഹെഡ് ക്വാർട്ടേഴ്സ്, കേരള പോലീസ് അക്കാദമിയിൽ ആരംഭിക്കുന്ന പോലീസ് റിസർച്ച് സെന്റർ, മലപ്പുറത്ത് സ്ത്രീ ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ എന്നിവയുടെ ഉദ്ഘാടനം നടത്തും. പുതിയ 23 പോലീസ് സ്റ്റേഷനുകൾക്ക് തറക്കല്ലിടും. തവനൂർ സെൻട്രൽ ജയിൽ പ്രവർത്തനമാരംഭിക്കും.

കുട്ടനാട് പാക്കേജ് ഫേസ് 1 ന്റെ ഭാഗമായി പഴുക്കാനില കായൽ ആഴം കൂട്ടലും വേമ്പനാട് കായലിൽ ബണ്ട് നിർമ്മാണവും തുടങ്ങും. കോട്ടയത്തെ കുറിച്ചി, കോട്ടയം മുനിസിപ്പാലിറ്റി, എറണാകുളത്തെ ആമ്പല്ലൂർ, തിരുവനന്തപുരത്തെ കാട്ടാക്കട, നഗരൂർ, കൊല്ലത്തെ കരീപ്ര എന്നീ കുഴൽകിണർ കുടിവെള്ള വിതരണ പദ്ധതികൾ ഉദ്ഘാടനം ചെയ്യും. 8 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് പട്ടികജാതി വികസന വകുപ്പിന് കീഴിൽ 2,500 പഠനമുറികൾ ഒരുക്കും.

പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി പ്രവാസികൾക്കുള്ള റിട്ടേൺ വായ്പ പദ്ധതി നടപ്പാക്കും. കിഫ്ബിയിൽ ഉൾപ്പെടുത്തി ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണോദ്ഘാടനം നടത്തും. ഉന്നതവിദ്യാഭ്യാസ വകുപ്പ് 150 വിദ്യാർഥികൾക്ക് നവകേരള ഫെല്ലോഷിപ്പ് വിതരണം ആരംഭിക്കും. 18 വയസ് പൂർത്തിയായ ഭിന്നശേഷിക്കാർക്ക് ജീവനോപാധി കണ്ടെത്താനും അതുവഴി സ്വയം പര്യാപ്തരാകാനും സഹായിക്കുന്ന എംപവർമെന്റ് ത്രൂ വൊക്കേഷനലൈസേഷൻ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കും. ഇടുക്കിയിൽ എൻ. സി.സി.യുടെ സഹായത്തോടെ നിർമ്മിച്ച എയർ സ്ട്രിപ്പ് ഉദ്ഘാടനം ചെയ്യും.

കോഴിക്കോടും കൊല്ലത്തും മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്ന പദ്ധതികളുടെ നിർമാണമാരംഭിക്കും. മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് നിർമ്മാണ പദ്ധതിയുടെ ഭാഗമായുള്ള 1,500 റോഡുകളുടെ ഉദ്ഘാടനം നടത്തും. കുടുംബശ്രീ വഴി നടപ്പിലാക്കുന്ന പ്രവാസിഭദ്രത പരിപാടി രണ്ടാം ഘട്ടം ഉദ്ഘാടനം ചെയ്യും. 75 പാക്സ് കാറ്റാമറൈൻ ബോട്ടുകളുടെ ഉദ്ഘാടനം നിർവഹിക്കും. മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ച ഭവനങ്ങളുടെ താക്കോൽദാനവും പുനർഗേഹം പദ്ധതി വഴി നിർമ്മിച്ച 532 ഭവനസമുച്ചയങ്ങളുടെ ഉദ്ഘാടനവും നടത്തും.

കോവിഡിന്റെ രണ്ടും മൂന്നും തരംഗങ്ങൾ ജനങ്ങളുടെ ജീവിതത്തെ സാരമായി ബാധിക്കുകയും സാധാരണ നിലയിൽ നടക്കേണ്ട പല പ്രവർത്തനങ്ങൾക്കും അവ തടസമുണ്ടാക്കുകയും ചെയ്തെങ്കിലും ജനക്ഷേമപ്രവർത്തനങ്ങൾക്കും ജനജീവിതം സുരക്ഷിതമാക്കുന്നതിനുള്ള ഇടപെടലുകൾക്കും ഒരു മുടക്കവും വരുത്താതെയാണ് സർക്കാർ ഈ കാലം പിന്നിടുന്നത്.

അധികാരത്തിൽ വന്നയുടനെ നൂറുദിവസത്തിനുള്ളിൽ ചെയ്തുതീർക്കുന്ന കാര്യങ്ങൾ പ്രത്യേകപരിപാടിയായി സർക്കാർ പ്രഖ്യാപിച്ചിരുന്നു. നിശ്ചിതസമയത്തിനുള്ളിൽ അവ പൂർത്തീകരിച്ചതിന്റെ റിപ്പോർട്ടും ജനങ്ങൾക്കു മുന്നിൽ വെച്ചു. ആദ്യ നൂറുദിന പരിപാടി 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെയാണ് നടപ്പാക്കിയിരുന്നത്. മുൻ സർക്കാരും രണ്ടു തവണയായി നൂറുദിന പരിപാടികൾ പ്രഖ്യാപിച്ച് സമയബന്ധിതമായി നടപ്പാക്കിയിരുന്നു. സാമൂഹിക, പശ്ചാത്തല സൗകര്യ, തൊഴിൽ മേഖലകളിൽ ഗണ്യമായ ചലനങ്ങൾ സൃഷ്ടിക്കാൻ മുമ്പ് നടപ്പാക്കിയ മൂന്ന് നൂറുദിന പരിപാടികൾക്കും കഴിഞ്ഞിട്ടുണ്ടെന്നതും എടുത്ത് പറയേണ്ടതാണ്.



**കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തികസ്ഥിതി മോശമായിട്ടും കയർ മേഖലയോട് ഉദാരമായ സമീപനമാണ് രണ്ടാം പിണറായി സർക്കാർ സ്വീകരിച്ചുവരുന്നത്. നടപ്പ് സാമ്പത്തിക വർഷംകയർ വികസന വകുപ്പിന് നീക്കി വച്ചിട്ടുള്ള പദ്ധതിവിഹിതത്തിന്റെ 91 ശതമാനവും ഇതിനകം തന്നെ തൊഴിലാളികൾക്കും കയർ സംഘങ്ങൾക്കുമായി വിനിയോഗിച്ചു കഴിഞ്ഞു.**

## കയർമേഖലയ്ക്ക് ഉദാരധനസഹായം

# സർക്കാരിന് അഭിനന്ദനം: കയർഫെഡ് ചെയർമാൻ

**ക**യർമേഖലയ്ക്ക് കൂടുതൽ ധനസഹായം അനുവദിച്ചുനൽകിയ സംസ്ഥാന സർക്കാരിനെ കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ അഭിനന്ദിച്ചു. കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തികസ്ഥിതി മോശമായിട്ടും കയർ മേഖലയോട് ഉദാരമായ സമീപനമാണ് രണ്ടാം പിണറായി സർക്കാർ സ്വീകരിച്ചുവരുന്നത്. നടപ്പ് സാമ്പത്തികവർഷം കയർ വികസന വകുപ്പിന് നീക്കി വച്ചിട്ടുള്ള പദ്ധതിവിഹിതത്തിന്റെ 91 ശതമാനവും ഇതിനകം തന്നെ തൊഴിലാളികൾക്കും കയർ സംഘങ്ങൾക്കുമായി വിനിയോഗിച്ചു കഴിഞ്ഞു.

കയർപിരി സംഘങ്ങൾക്കുള്ള പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഇൻസെന്റീവായി 7.74 കോടി രൂപ കൂടി അനുവദിച്ചത് കയർ വ്യവസായത്തിന് ഊർജ്ജം പകരും. 2006ലെ വി.എസ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി (പി.പി.എസ്.എസ്) പ്രകാരം കയർഫെഡും കയർ കോർപ്പറേഷനും കയറും കയർ ഉത്പന്നങ്ങളും മാർക്കറ്റ് വില വ്യതിയാനം അനുസരിച്ച് വിലകുറച്ച് വിൽക്കുന്നതുമൂലം വരുന്ന വ്യത്യാസം സർക്കാർ അനുവദിച്ച് നൽകുന്നതാണ് ഈ പദ്ധതി.

പ്രസ്തുത പദ്ധതി പ്രകാരം കയർഫെഡിനും കയർ കോർപ്പറേഷനുമായി ആകെ 36.98 കോടി രൂപയും (ഈ ഫെബ്രുവരിയിൽ കയർഫെഡിന് നൽകിയ 5.88 കോടിരൂപ ഉൾപ്പടെ) സർക്കാർ ഈ സാമ്പത്തിക വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ തുക ലഭ്യമാക്കിയതുകൊണ്ടാണ് 2022 ജനുവരി 31 വരെ കയർഫെഡ് സംഭരിച്ച കയറിന്റെ വില പൂർണമായും കയർ സംഘങ്ങൾക്ക് നൽകാനായത്.

മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ്(എം.ഡി.എ) ഇനത്തിൽ കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ്, മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾ എന്നിവർക്കായി ഈ സാമ്പത്തിക വർഷം ആകെ 14.45 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.

രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ ഭാഗമായി കയർ ഉത്പാദനം ഗണ്യമായി വർധിച്ചിട്ടുണ്ട്. 2011–2016 കാലയളവിൽ ശരാശരി 60,000–70,000 ക്വിന്റലായിരുന്ന കയർ ഉത്പാദനം ക്രമാനുഗതമായി വർദ്ധിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം 2,17,906 ക്വിന്റലായി ഉയർന്നിട്ടുണ്ട്.

ഈ അധിക ഉത്പാദനം കയർ ഭൂവസ്ത്രമായി പരിവർത്തനം ചെയ്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്ന പദ്ധതി സംസ്ഥാന വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവിന്റെ നേതൃത്വത്തിൽ കയർ വികസന വകുപ്പും കയർ പൊതുമേഖലാ സ്ഥാപനങ്ങളും ചേർന്ന് ഇപ്പോൾ ഊർജിതമായി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്.

ഫെബ്രുവരി ഒന്നു മുതൽ കയർ വികസന വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും പഞ്ചായത്ത് ഓഫീസുകളിൽ കയറി ഇറങ്ങി കയർ ഭൂവസ്ത്രത്തിനുള്ള ഓർഡറുകൾ സമാഹരിച്ചു വരുന്നു. ഇത് കയർവകുപ്പിനെ സംബന്ധിച്ചിടത്തോളം ആദ്യാനുഭവമാണ്. ജീവനക്കാരുടെ നിസ്വാർത്ഥമായ പ്രവർത്തനത്തിന്റെ ഫലമായി ഭൂവസ്ത്രവിതാനത്തിൽ ഇക്കൊല്ലം വലിയ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം നൽകുന്ന ബഹു. വ്യവസായ-നിയമ-കയർ മന്ത്രിയുടെ പ്രവർത്തനരീതിയും പുതിയൊരു അനുഭവമാണ്.

ചുരുക്കത്തിൽ കയർ വ്യവസായത്തിൽ പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളികൾക്കും കയർ സംഘങ്ങൾക്കും ആശ്വാസം പകരുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

പിണറായി സർക്കാരിനോടും വ്യവസായ കയർ മന്ത്രി പി രാജീവിനോടും കയർ സംഘങ്ങൾക്കും കയർഫെഡിനുമുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.



# കേന്ദ്ര ബജറ്റ്:

## ആശ്വാസം പകരുന്നില്ലെന്ന് മുഖ്യമന്ത്രി; പ്രതിസന്ധി മറികടക്കാൻ പ്രാപ്തിയില്ലെന്ന് ധനമന്ത്രി

**2022** ലെ കേന്ദ്ര ബജറ്റ് കോവിഡ് മഹാമാരി കാരണം പ്രതിസന്ധികൾ നേരിടുന്ന വിവിധ മേഖലകൾക്ക് പ്രതീക്ഷിച്ച ആശ്വാസം പകരുന്നില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായുള്ള വകയിരുത്തൽ 2022-23 സാമ്പത്തിക വർഷത്തിൽ 73,000 കോടി രൂപയാണ്. ഇത് 2021-22 ലെപുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 25,000 കോടി രൂപ കുറവാണ്. കോവിഡ് കാലഘട്ടത്തിൽ 39000 കോടി രൂപ വാക്സിനേഷനായി നീക്കിവെച്ചിടത്ത് ഇപ്പോൾ 5000 കോടി രൂപ മാത്രമാണ് നീക്കിവെച്ചിട്ടുള്ളത്. ഭാവിയിലെ ആവശ്യങ്ങൾ കൂടി പരിഗണിക്കുമ്പോൾ ഇത് പര്യാപ്തമല്ലാത്ത സാഹചര്യമാണ് സൃഷ്ടിക്കുക. കേന്ദ്ര സർക്കാരിന്റെ മൊത്തം ചെലവിൽ 4.63 ശതമാനത്തിന്റെ നാമമാത്രമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

ഭക്ഷ്യ സബ്സിഡി 28 ശതമാനമാണ് വെട്ടിക്കുറച്ചിരിക്കുന്നത്. ഇത് രാജ്യത്തെ പൊതുവിതരണ സംവിധാനത്തെ ദുർബലപ്പെടുത്തുന്നതിന് ഇടയാക്കുന്ന നടപടിയായിരിക്കും. വളം സബ്സിഡിയിൽ വരുത്തിയ 25 ശതമാനത്തിന്റെ കുറവും നമ്മുടെ കാർഷിക മേഖലയെ ഗൗരവമായി ബാധിക്കുന്ന ഒന്നാണ്. സഹകരണ മേഖലയിലെ നികുതി വിഹിതം കോർപ്പറേറ്റുകൾക്ക് തുല്യമാക്കി മാറ്റിയ നടപടി സഹകരണ മേഖലയെ ഒരു തരത്തിലും സഹായിക്കുന്ന ഒന്നല്ല. ഗ്രാമവികസനത്തിനായി നീക്കിവെച്ചിട്ടുള്ള തുക കഴിഞ്ഞ വർഷത്തേക്കാൾ കുറവാണെന്നത് ഗ്രാമീണ വികസനത്തിന് പ്രശ്നങ്ങൾ സൃഷ്ടിക്കും.

സമ്പദ്ഘടനയെ ഉത്തേജിപ്പിക്കാൻ പൊതു ചെലവുകൾ കൂട്ടണമെന്ന തത്വത്തെ ധനകാര്യ യാഥാസ്ഥിതികർ കാലങ്ങളായി എതിർത്തുപോന്നിട്ടുണ്ട്. എന്നാൽ, ഇത്തവണത്തെ ബജറ്റിൽ കേന്ദ്ര ധനകാര്യമന്ത്രി തന്നെ പൊതുനിക്ഷേപ ചെലവുകൾ കൂട്ടേണ്ടത് സ്വകാര്യ നിക്ഷേപത്തിനും സാമ്പത്തിക വളർച്ചയ്ക്കും അനിവാര്യമാണെന്ന് പറഞ്ഞിട്ടുണ്ട്. ഇത് വാക്കിലെങ്കിലും ഒരു മാറ്റമാണ്. എന്നാൽ, ബജറ്റ് കണക്കുകളിൽ നിന്നും കാണാൻ കഴിയുന്നത് ഈ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്ന നടപടികൾ ഉണ്ടായിട്ടില്ലായെന്നാണ്.

സംസ്ഥാനത്തിന്റെ വികസനത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിന് സഹായകമായ ഒന്നായി കേന്ദ്ര ബജറ്റ് മാറിയിട്ടില്ല. സംസ്ഥാനം ചിരകാലമായി ഉന്നയിക്കുന്ന അടിയന്തിരമായ ആവശ്യങ്ങളെ പരിഗണിക്കാനും ബജറ്റിന് കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ ചിരകാല ആവശ്യമായ എയിംസ് അനുവദിക്കണമെന്ന ആവശ്യം അംഗീകരിക്കപ്പെട്ടിട്ടില്ല. റെയിൽവേ സോൺ എന്ന ആവശ്യത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കായി നീക്കിവെച്ച തുകയിലും ആവശ്യകതയ്ക്ക് അനുസരിച്ച് പുരോഗതി ഉണ്ടായിട്ടില്ല. കെ-റെയിലും ബജറ്റിൽ പരാമർശിക്കപ്പെട്ടിട്ടില്ല.

കോവിഡാനന്തര കാലഘട്ടത്തിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളെ കൂടുതൽ സഹായിക്കേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. എന്നാൽ അതിന് അനുയോജ്യമായ വിധത്തിൽ ഉയർന്ന് പ്രവർത്തിക്കുവാൻ ബജറ്റിൽ കഴിഞ്ഞിട്ടില്ല. ജി.എസ്.ടി. നഷ്ടപരിഹാരം അഞ്ച് വർഷം കൂടി നീട്ടിനൽകണമെന്ന സംസ്ഥാനങ്ങളുടെ ആവശ്യം പരിഗണിക്കപ്പെട്ടില്ല. വായ്പാ പരിധി അഞ്ച് ശതമാനമായി വർദ്ധിപ്പിക്കണമെന്ന ആവശ്യത്തെ അംഗീകരിക്കാൻ ബജറ്റിൽ തയാറായിട്ടില്ല. സംസ്ഥാനങ്ങളുടെ റവന്യൂ കമ്മി നികത്തുന്നതിനായി നീക്കിവെച്ച തുകയിലെ കുറവും സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി കടുത്ത സമ്മർദ്ദത്തിലാക്കുന്നതാണ്.

സംസ്ഥാന സർക്കാർ മുന്നോട്ടുവച്ച നിരവധി പദ്ധതികൾ കേന്ദ്ര ബജറ്റിൽ പ്രതിഫലിക്കപ്പെടുന്ന നിലയുണ്ടായിട്ടുണ്ട്. കെ-ഫോൺ, കിഫ്ബി, ഡിജിറ്റൽ

യൂണിവേഴ്സിറ്റി തുടങ്ങിയ പദ്ധതികൾ ഇത്തരത്തിലുള്ളവയാണ്. സംസ്ഥാന സർക്കാരിന്റെ ഇത്തരം വികസന കാഴ്ചപ്പാടുകൾ ബജറ്റിൽ പ്രതിഫലിക്കുന്നുവെന്നത് സന്തോഷകരമാണ്. ഏറെ തടസങ്ങളും അനാവശ്യമായ എതിർപ്പുകളും നേരിട്ടുകൊണ്ടാണ് സംസ്ഥാന സർക്കാർ ഈ പദ്ധതികളുമായി മുന്നോട്ടു പോകുന്നത്. സംസ്ഥാനത്തിന്റെ കാഴ്ചപ്പാട് അംഗീകരിക്കപ്പെട്ട സ്ഥിതിക്ക് ഈ പദ്ധതികളെ സഹായിക്കുന്നതിന് ആവശ്യമായ നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളത്തിന്റെ സാമൂഹിക, ഭൗതിക, പശ്ചാത്തല മേഖലകളെ മുന്നോട്ടുനയിക്കാനുള്ള പദ്ധതികളും എയിംസ് അനുമതിയും ഈ ബജറ്റ് സമ്മേളനത്തിൽ തന്നെ കേന്ദ്ര സർക്കാർ പ്രഖ്യാപിക്കണം.

കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങളെ സാമ്പത്തികമായി ശാക്തീകരിക്കേണ്ടതിനു പകരം ദുർബലപ്പെടുത്തുകയാണ് കേന്ദ്ര ബജറ്റ്. ജി.എസ്.ടി നഷ്ടപരിഹാരം അഞ്ചുവർഷത്തേയ്ക്കു കൂടി നീട്ടുക എന്നതടക്കമുള്ള സംസ്ഥാനങ്ങളുടെ ആവശ്യങ്ങളെ ബജറ്റ് പരിഗണിച്ചതായേ കാണുന്നില്ല. കേന്ദ്ര നികുതി ഓഹരി ലഭ്യത, കേരളത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം എന്നിവയിൽ കാലാനുസൃതമായ പരിഗണനയില്ല.

റെയിൽവേ, വ്യോമഗതാഗതം എന്നിവ അടക്കമുള്ള മേഖലകളിലെ ഡിസ്ഇൻവെസ്റ്റ്മെന്റ് നയം കൂടുതൽ ശക്തമായി തുടരുമെന്ന് ബജറ്റ് വ്യക്തമാക്കുന്നു. ജനങ്ങളുടെ ദുരിതത്തിനിടയാക്കിയ ആഗോളവത്കരണ സാമ്പത്തിക നയങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് മുമ്പോട്ടുപോകുമെന്നതിന്റെ സൂചനകളും ബജറ്റിൽ വേണ്ടത്രയുണ്ട്.

സാധാരണക്കാരുടെയും അടിസ്ഥാന ജനവിഭാഗങ്ങളുടെയും പ്രശ്നങ്ങൾക്കു നേരേ തീർത്തും നിഷേധാത്മകമായ സമീപനമാണ് ബജറ്റ് പുലർത്തുന്നത്. ഇ–പി.എഫ് മിനിമം പെൻഷൻ വർദ്ധിപ്പിക്കണമെന്ന ആവശ്യം അംഗീകരിക്കാത്തതും, ഗ്രാമീണ തൊഴിലുറപ്പു പദ്ധതി കാലത്തിനൊത്ത് നവീകരിച്ച് ശക്തിപ്പെടുത്താത്തതിലും, അവശ വിഭാഗ പെൻഷൻ വർദ്ധിപ്പിക്കുകയോ, വ്യാപിപ്പികയോ ചെയ്യാത്തതിലും എല്ലാം കേന്ദ്രത്തിന്റെ മനുഷ്യത്വ രഹിതമായ മനോഭാവമാണ് പ്രകടമാകുന്നത്.

പ്രധാനമന്ത്രിയുടെ ഗതിശക്തിയെന്ന പുതിയൊരു പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. റെയിൽ, റോഡ്, വ്യോമഗതാഗതത്തെയാകെ സമഗ്രമായി കൂട്ടിയിണക്കുന്ന പദ്ധതിയായാണിത് കരുതപ്പെടുന്നത്. എന്നാൽ ഗതിശക്തിയിൽ കേരളമടക്കമുള്ള സംസ്ഥാനങ്ങളുടെ മൂർത്തമായ നിർദ്ദേശങ്ങളെ പരിഗണിച്ചതായി കാണുന്നില്ല.

സാമ്പത്തിക സർവ്വേയിലൂടെ വ്യക്തമായത് മൂന്ന് പതിറ്റാണ്ടുകാലത്തെ ഏറ്റവും വലിയ വിലക്കയറ്റം ഉണ്ടാവുകയാണ് രാജ്യത്ത് എന്നതാണ്. ജനങ്ങളുടെ കൈവശം പണം എത്തിച്ചാൽ മാത്രമേ ഇതിനെ നേരിടാനാകൂ. എന്നാൽ ആ വഴിക്കുള്ള ഒരു നീക്കവും ബജറ്റിൽ കാണാനില്ല.

കോവിഡ് കാലത്ത് വലിയ തോതിൽ അസമത്വം വർദ്ധിച്ചു. ആ വിടവ് നികത്തണമെങ്കിൽ ദുർബല–നിസ്വജനവിഭാഗങ്ങളിൽ സാമ്പത്തിക സഹായം എത്തണം. എന്നാൽ ആ വഴിയ്ക്കുള്ള നീക്കവുമില്ല. പണപ്പെരുപ്പം ക്രമാതീതമായി വർദ്ധിക്കുന്നതും സംസ്ഥാനങ്ങളെ സാമ്പത്തികമായി ഞെരുക്കുന്നതും ഉള്ളവർക്കും ഇല്ലാത്തവർക്കുമിടയിലെ വിടവ് വർദ്ധിപ്പിക്കുന്നതും വൻകിട കോർപ്പറേറ്റ് താത്പര്യങ്ങളെ പ്രീണിപ്പിക്കുന്നതും പൊതുവിൽ നാടിന്റെയും ജനങ്ങളുടെയും താത്പര്യങ്ങളെ വലിയതോതിൽ ഹനിക്കുന്നതുമാണ് ബജറ്റ്. സംസ്ഥാനങ്ങളെ സാമ്പത്തികമായി ശാക്തീകരിച്ചുകൊണ്ടല്ലാതെ കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാനാവില്ല എന്ന പ്രാഥമികമായ ബോധം ബജറ്റിൽ എവിടെയുമില്ല.

കാർഷികമേഖല, ഭക്ഷ്യസബ്സിഡി, ഗ്രാമീണ തൊഴിൽ പദ്ധതി, കോവിഡ് പ്രതിരോധം എന്നിവയ്ക്കൊക്കെ പോയവർഷത്തെ ബജറ്റിൽ ഉണ്ടായിരുന്ന വിഹിതം പോലും ഇല്ലെന്നത് ആശങ്കയുണർത്തുന്നതാണ്.

അതേമയം, കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി നേരിടാൻ രാജ്യത്തെ സംസ്ഥാനങ്ങൾക്കു കരുത്തു പകരുന്ന ഒരു പ്രഖ്യാപനവും കേന്ദ്ര ബജറ്റിൽ ഇല്ലെന്നു ധനമന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. കേരളത്തിനും രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്കും നിരാശ പകരുന്നതാണു ബജറ്റ് പ്രഖ്യാപനങ്ങളെന്നും അദ്ദേഹം പറഞ്ഞു.

കോവിഡ് പ്രതിസന്ധി നിലനിൽക്കെ, കേരള മടക്കം രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളും ഏറെ പ്രതീക്ഷയോടെ കണ്ട ബജറ്റായിരുന്നു ഇത്തവണത്തേതെന്നു മന്ത്രി ചൂണ്ടിക്കാട്ടി. രൂക്ഷമായ തൊഴിലില്ലായ്മയിലേക്കും പട്ടിണിയിലേക്കും രാജ്യത്തെ ഗ്രാമങ്ങൾ പോകുന്ന സ്ഥിതിയാണുള്ളത്. ഇതിനെല്ലാം പരിഹാരം കാണുന്ന പ്രഖ്യാപനങ്ങൾ ബജറ്റിലുണ്ടാകുമെന്നാണ് പ്രതീക്ഷിച്ചത്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പൊതുമേഖലയെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന പ്രഖ്യാപനങ്ങൾ എല്ലാവരും പ്രതീക്ഷിച്ചു. എന്നാൽ ഇത്തരമൊരു കാഴ്ചപ്പാട് ഇല്ലാതെയാണു ബജറ്റ് അവതരിപ്പിക്കപ്പെട്ടത്.

രാജ്യത്തിന്റെ അടുത്ത 25 വർഷ കാലത്തേക്കുള്ള ബൃഹത് പദ്ധതി വിഭാവനം ചെയ്യുന്ന ബജറ്റാണെന്നാണു കേന്ദ്ര ധനമന്ത്രി അവകാശപ്പെടുന്നത്. ഏഴു വളർച്ചാ എൻജിനുകൾ ഇതിനായി പ്രഖ്യാപിച്ചു. ഇതിൽ റോഡ്, റെയിൽവേ, എയർപോർട്ട്, തുറമുഖങ്ങൾ, ജലപാതകൾ തുടങ്ങിയ വിവിധ അടിസ്ഥാന സൗകര്യ വികസന മേഖലകളിലെല്ലാം പി.പി.പി. മോഡലാണ് അവതരിപ്പിച്ചിരിക്കുന്നത്. നഗരമേഖലയിലെ തൊഴിൽ ലഭ്യതയെക്കുറിച്ചു ബജറ്റ് പരാമർശിക്കുന്നേയില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 73,000 കോടി രൂപ മാത്രമാണു നീക്കിവച്ചിരിക്കുന്നത്. കഴിഞ്ഞ തവണത്തെ ബജറ്റിൽ നിക്കിവച്ചിരുന്ന അതേ തുകയാണിത്. രണ്ടു വർഷങ്ങൾക്കു മുൻപുള്ള ബജറ്റിൽ 1,11,000 കോടിയായിരുന്നു ഈ ഇനത്തിൽ യഥാർത്ഥ ചെലവ്. ഈ സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റിൽ 98,000 കോടിയാണ് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി ചെലവഴിക്കുന്നത്. രൂക്ഷമായ തൊഴിലില്ലായ്മ രാജ്യം അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ ഗ്രാമീണ ജനവിഭാഗങ്ങൾക്കു തൊഴിൽ ലഭ്യത ഉറപ്പാക്കാൻ വേണ്ടത്ര പണം ബജറ്റ് നീക്കിവച്ചിട്ടില്ലെന്ന് ഇതിൽനിന്നു വ്യക്തം.

കാർഷിക മേഖലയ്ക്കുള്ള മിനിമം സപ്പോർട്ട് പ്രൈസ് നൽകുന്നതിനായി 2,37,000 കോടി രൂപ ഇത്തവണ നീക്കിവച്ചിട്ടുണ്ട്. കഴിഞ്ഞ ബജറ്റിൽ ഇത് 2,48,000 കോടി രൂപയായിരുന്നു. ഭക്ഷ്യ സബ്സിഡിക്കുള്ള തുകയും ഇക്കുറി കുറഞ്ഞു. കോവിഡ് വാക്സി



നായി കഴിഞ്ഞ വർഷം 39,000 കോടി രൂപ മാറ്റിവച്ചിരുന്നു. ഈ ബജറ്റിൽ ഇത് 5,000 കോടി രൂപയേ ഉള്ളൂ. കൂടുതലായി പണം നീക്കിവയ്ക്കേണ്ട പല മേഖലകളും ഇത്തരത്തിൽ അവഗണിക്കപ്പെട്ടു. സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളും വെട്ടിക്കുറച്ചു.

സഹകരണ മേഖലയിലെ ആദായ നികുതി 15 ശതമാനമാക്കിയെന്നതും ആശ്വസിക്കാൻ വകയില്ലാത്തതാണ്. സഹകരണ മേഖലയിൽ നേരത്തേ നികുതി ഇല്ലായിരുന്നു. നികുതി നടപ്പാക്കിയപ്പോൾ വൻകിട കമ്പനികൾക്ക് 15ഉം സഹകരണ മേഖലയിൽ 18ഉം ശതമാനമായാണു നടപ്പാക്കിയത്. ഇത് ഇപ്പോൾ ഏകീകരിച്ച് രണ്ടും 15 ശതമാനമാക്കിയെന്നേ ഉള്ളൂ. സഹകരണ മേഖലയെ പൂർണമായി നികുതിയിൽനിന്ന് ഒഴിവാക്കണമെന്നാണു കേരളത്തിന്റെ ആവശ്യം. പൊതുമേഖല സ്ഥാപനങ്ങളെ വിറ്റഴിക്കാനുള്ള നയം ബജറ്റും മുന്നോട്ടുവയ്ക്കുന്നു. എൽ.ഐ.സി. വിൽക്കുമെന്നുള്ള പ്രഖ്യാപനം ഇതിനു തെളിവാണ്.

കേരളം ആവശ്യപ്പെട്ട മിക്ക കാര്യങ്ങളും അവഗണിക്കപ്പെട്ടുവെന്നാണ് പ്രത്യക്ഷത്തിൽ മനസിലാകുന്നത്.



**കേരളം ആവശ്യപ്പെട്ട മിക്ക കാര്യങ്ങളും അവഗണിക്കപ്പെട്ടുവെന്നാണ് പ്രത്യക്ഷത്തിൽ മനസിലാകുന്നത്. ജി.എസ്.ടി. നഷ്ടപരിഹാരം അഞ്ചു വർഷത്തേക്കുകൂടി നീട്ടി നൽകണമെന്നു കേരളമടക്കമുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിരുന്നു. ഇതു പരിഗണിക്കപ്പെടാതിരുന്നതു പ്രതിഷേധകരവും ദുഃഖകരവുമാണ്.**

ജി.എസ്.ടി. നഷ്ടപരിഹാരം അഞ്ചു വർഷത്തേക്കുകൂടി നീട്ടി നൽകണമെന്നു കേരളമടക്കമുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിരുന്നു. ഇതു പരിഗണിക്കപ്പെടാതിരുന്നതു പ്രതിഷേധകരവും ദുഃഖകരവുമാണ്. ശരാശരി പ്രതിവർഷം 12,000 കോടി രൂപയോളമാണ് ഈ ഇനത്തിൽ മാത്രം കേരളത്തിനു കുറയുന്നത്. കടമെടുപ്പ് പരിധി അഞ്ചു ശതമാനമാക്കിയിരുന്നു. ഇതു 3.5 ശതമാനമാക്കി കുറയ്ക്കുമെന്നാണു ബജറ്റ് പ്രഖ്യാപനം. നടപ്പു സാമ്പത്തിക വർഷം ഇത് നാലു ശതമാനമാണ്. കെ-റെയിൽ, എയിംസ് തുടങ്ങിയ കേരളത്തിന്റെ ആവശ്യങ്ങളും പരിഗണിക്കപ്പെട്ടിട്ടില്ല.

പ്രത്യക്ഷ നികുതി കൃത്യമായി പരിച്ചെടുക്കാതെ പരോക്ഷ നികുതി കൂടുതലായി ഈടാക്കുന്ന നയമാണു ബജറ്റ് പ്രഖ്യാപനങ്ങൾ സൂചിപ്പിക്കുന്നത്. ബ്ലൻഡഡ് ഫ്യുവലിനു മേൽ ലിറ്ററിന് രണ്ടു രൂപ വീതം അഡിഷണൽ ഡിഫറൻഷ്യൽ എക്സൈസ് ഡ്യൂട്ടിയായി ഈടാക്കുമെന്ന പ്രഖ്യാപനം ഇതിന് ഉദാഹരണമാണ്. ഒക്ടോബർ ഒന്നു മുതൽ ഇറക്കുമതിചെയ്യുന്ന ബ്ലെൻഡഡ് ഫ്യുവലിനു മേൽ ഇതു നിലവിൽവരുമെന്നാണു ബജറ്റിൽ പറയുന്നത്. ഇന്ധന വിലവർധനയിലേക്കു വഴിവയ്ക്കുന്ന പ്രഖ്യാപനമാണ് ഇതെന്നാണു മനസിലാക്കുന്നതെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

## കവിത

# കാണാതെ നോക്കാം



ഗോപാലകൃഷ്ണൻ
കുട്ടനാട്

കാഴ്ച്ചകൾ മങ്ങുന്നു ജീവിതത്തിന്റെ വന്ധ്യമാം രഥ്യയിൽ
വാഹനപ്പെരുപ്പം മറയ്ക്കുന്നു റോഡിൻ മറുപുറം
റോഡിലോ തിളയ്ക്കുന്ന വെയിലിന്റെ വന്യമാംവന്മര
അതിലായ് കുതിക്കുന്നിതാർത്തി പ്രയാണങ്ങൾ
മാഞ്ഞു പോകുന്നു ജീവന്റെ നന്മകൾ

അടച്ചിട്ട വാതിൽക്കൽ കാവലാൾ നിൽക്കുന്നു
രാഷ്ട്രീയ കുതന്ത്രങ്ങൾ ഉള്ളിൽ കൊഴുക്കുന്നു

പുകമൂടി ചില്ലിട്ട ഭിത്തിയിൽ കടയ്ക്കുള്ളിൽ ഇരുളു പരക്കുന്നു
നിറമോലും ആവരണങ്ങളിൽ മങ്ങിയ കണ്ണുകൾ വില നിലവാരം തിരയുന്നു

മൊബൈൽ കണക്ഷന്ന് ആരോഗ്യ ഇൻസിഷുറൻസ് ആപ്പോന്നു
ഡൗൺലോഡ് ചെയ്യുവാൻ എവിടെയും കുനു കുനാ എഴുതിയ കണ്ണെത്താ കരാറുകൾ.
അന്ധമാം ഒപ്പുകൾ അജ്ഞാത ബന്ധനം

വിധിയെന്തെന്നറിയാതെ കോടതിത്തിണ്ണയിൽ നിൽപ്പു ഞാൻ
നിയമപുസ്തകത്തിന്റെ ഊടുവഴികളിൽ
മായം പുരളുമ്പോൾ
ഒന്നുമേ കാണാതെ എന്തെന്നറിയാതെ അന്ധരായ നിൽക്കുവോർക്കിടയിലായി

അടച്ചിട്ട മുറികളിൽ ദൈവങ്ങൾ ക്ലസ്സെടുക്കുന്നു
കണ്ണ് പൂട്ടി തലച്ചോർ പ്പെരുവായ മലർക്കെത്തുറന്ന് പിടിച്ച് ഭാവി
താടി താങ്ങി കുത്തിയിരിക്കുന്നു.
ശാസ്ത്രം ശീർഷാസനത്തിൽ നടക്കുന്നു
മിസൈലും ബോംബും ചമയ്ക്കുവോർ പരുമ നേടുന്നു.
ആചാരം കാടകമേറുന്നു
ചിതയിൽ ഉമിനീരിൽ ശവത്തിന്റെ വായിൽ അരിതിളയ്ക്കുന്നു.

എന്റെ ശിരസിലായ് അവർ എന്നും പുതിയ രേഖകൾ വരയ്ക്കുന്നു.
ഇന്ധന വില കുതിയ്ക്കുന്നു
പമ്പിൽ കൊടുത്തത് മാത്രം തിളങ്ങുന്നു.

എഴുപതു വർഷങ്ങൾ ജീവിതം
തന്നത് എന്തെന്നറിയുവാൻ
ഇന്ത്യൻ കർഷകർ ദില്ലിയിൽ റോഡുകൾ ഉഴുതു മറിക്കുന്നു.
അടുപ്പിൽ തിളയ്ക്കുന്ന അരിക്കലത്തിൽ നിഴൽക്കൈകൾ വന്നരിയിടുന്നു.
മങ്ങിയ കണ്ണുകൾ നിന്റെ കയ്യുകൾ മാത്രം കാണുന്നു.
മരിച്ചു മരവിച്ചൊരച്ഛന്റെ മൂക്കിലൂടെ
ഓക്സിജൻ ഊതിക്കയറ്റുന്നു.
വെന്റിലേറ്റർ നിന്റെ കീശ കവരുന്നു കാഴ്ചയോ മങ്ങിക്കിടക്കുന്നു.

കണ്ടു കണ്ടു മങ്ങിയങ്ങുപോയതാണ് നിന്റെ കാഴ്ച
കിളച്ചു നോക്കാം കുഴിച്ചു നോക്കാം
തിരിച്ചു നോക്കാം മറിച്ചു നോക്കാം
കൂട്ടി നോക്കാം കിഴിച്ചു നോക്കാം
ഗുണിച്ചു നോക്കാം ഹരിച്ചും നോക്കാം
ഏട്ടു ദിക്കിൽ നിന്നും ഏട്ടു കണ്ണുകൾ കൊണ്ട് നോക്കാം
അങ്ങിനെ നോക്കി നോക്കി തെളിച്ചെടുക്കാം നിന്റെ കാഴ്ച.

കണ്ടു കണ്ടു മങ്ങിയങ്ങു പോയതാണ് നിന്റെ കാഴ്ച.
നോക്കി നോക്കി തെളിച്ചെടുക്കാം നിന്റെ കാഴ്ച.

***കാണുക എന്നത് അബോധമായ ഒരു പ്രവർത്തി ആണല്ലോ... നിങ്ങൾ ആഗ്രഹിച്ചാലും ഇല്ലെങ്കിലും പലേ കാഴ്ചകളും കൺ മുൻപിലൂടെ കടന്നു പോകും. എന്നാൽ നോക്കുക എന്നത് ബോധപൂർവമായ പ്രവർത്തിയാണ്. അറിയാനുള്ള ആഗ്രഹത്തോടെ ആണല്ലോ നാം എന്തിലേക്കും നോക്കുക..***



# മികച്ച പ്രകടനവുമായി കയർ വികസന വകുപ്പ്

## ● വാർഷിക പദ്ധതി ചെലവ് 91%

**വാ**ർഷിക പദ്ധതിയുടെ 91 ശതമാനം തുക ചെലവഴിച്ച് പദ്ധതി നിർവഹണത്തിൽ കയർ വികസന വകുപ്പ് മികച്ച പ്രകടനം കാഴ്ച വച്ചു. ഇതിനകം 103 കോടി രൂപ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചാണ് വകുപ്പ് മികച്ച നേട്ടം കൈവരിച്ചത്. 112.74 കോടി രൂപയായിരുന്നു ഈ വർഷത്തെ കയർ വികസന വകുപ്പിന്റെ പദ്ധതി വിഹിതം. കേരളത്തിലെ കയർ മേഖലയിൽ രണ്ടാം പുനഃസംഘടനാ പദ്ധതി നടപ്പാക്കിയ കാലയളവായിരുന്നു പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷം.

ചകിരി ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് യന്ത്രവത്കരണം നടത്തുക എന്നീ ലക്ഷ്യങ്ങൾ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞതായി കയർ വികസന മന്ത്രി പി. രാജീവ് പറഞ്ഞു. ഈ സാമ്പത്തിക വർഷം കയർഫെഡ് വിതരണം ചെയ്ത ചകിരിയിൽ 48 ശതമാനം കേരളത്തിൽ നിന്ന് ഉത്പാദിപ്പിച്ചതാണ്.

കയർപിരി മേഖലയിൽ 150 കയർ സഹകരണ സംഘങ്ങളിലായി 1500 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഉത്പന്ന നിർമ്മാണ മേഖലയിൽ 6 സഹകരണസംഘങ്ങൾ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിച്ച് ആധുനികവത്കരിക്കുന്ന പദ്ധതി അതിവേഗം നടപ്പാക്കിവരികയാണ്. സമയബന്ധിതമായി വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന് പദ്ധതികൾ അംഗീകരിക്കുന്നതിനും ധന ലഭ്യത ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞതിലൂടെയാണ് പദ്ധതി പ്രവർത്തനങ്ങളിൽ മികവ് നേടാൻ സാധിച്ചതെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു.

കയർ തൊഴിലാളികളുടെ പെൻഷൻ ഉൾപ്പെടെ ക്ഷേമ പദ്ധതികൾക്കും കോവിഡുകാല ആശ്വാസ ധനസഹായത്തിനുമായി മൊത്തം ചെലവഴിച്ചത് 125.11 കോടി രൂപയാണ്. പദ്ധതിയിതര ധനവിനിയോഗം കൂടി കണക്കിലെടുത്താൽ കയർമേഖലക്കായി ഈ സാമ്പത്തികവർഷം ഇതുവരെ സർക്കാർ മൊത്തം ചെലവഴിച്ചത് 201.43 കോടി രൂപയാണെന്നും മന്ത്രി പറഞ്ഞു.

## കയർപിരി സംഘങ്ങൾക്ക് 7.74 കോടി അനുവദിച്ചു

പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഇൻസന്റീവ് പദ്ധതിപ്രകാരം കയർപിരി മേഖലയിലെ 584 സഹകരണസംഘങ്ങൾക്ക് 7.74 കോടി രൂപ കൂടി സംസ്ഥാന സർക്കാർ അനുവദിച്ചു. മേഖലയിലെ 584 സംഘങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

സംഘങ്ങളുടെ ഉൽപാദന-വിപണന ഇൻസന്റീവുകളുമായി ബന്ധപ്പെട്ട കുടിശിക തീർക്കാൻ തുക വിനിയോഗിക്കും.

കയർ സഹകരണ സംഘങ്ങൾക്ക് എം.ഡി.എ, പി.എം.ഐ, ഐ.എസ്.എസ് പദ്ധതികൾക്കായി 28.71 കോടി രൂപ ഇതിനോടകം നൽകിയിരുന്നു.

ഐ.എസ്.എസ് പദ്ധതിക്കായി 10 കോടി രൂപ കൂടി തൊഴിൽ വകുപ്പിൽ നിന്നും ലഭ്യമാക്കും.


# കേന്ദ്ര–സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് അനിവാര്യം: മന്ത്രി കെ. എൻ. ബാലഗോപാൽ

സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി ഏറെ പ്രതികൂലമാകുന്ന സാഹചര്യത്തിൽ കേന്ദ്ര–സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ ഒരു പൊളിച്ചെഴുത്ത് അനിവാര്യമാണെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ അഭിപ്രായപ്പെട്ടു. രാജ്യത്തിന്റെ ഫെഡറൽ ഘടനയുടെ സുസ്ഥിരതയ്ക്ക് ഇത് അനുപേക്ഷണീയമാണ്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനും (ഗിഫ്റ്റ്) കാസർഗോഡ് കേന്ദ്ര സർവകലാശാല ഇക്കണോമിക്സ് വിഭാഗവും ചങ്ങനാശേരി എസ്. ബി കോളേജ് ഇക്കണോമിക്സ് വിഭാഗവും സംയുക്തമായി സാമ്പത്തിക സർവെ, യൂണിയൻ ബജറ്റ് എന്നീ വിഷയങ്ങളെ അധികരിച്ച് സംഘടിപ്പിച്ച വെബിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നൽകാനുള്ള ജി.എസ്.ടി. നഷ്ടപരിഹാര കുടിശിക അടക്കമുള്ള കാര്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. ജി.എസ്.ടി. നഷ്ടപരിഹാരയിനത്തിൽ മാത്രം 12,000 കോടിയോളം രൂപയാണ് കേരളത്തിന് ലഭിക്കാനുള്ളത്. ഈ വർഷം ജൂണിൽ നഷ്ടപരിഹാരത്തിനായുള്ള സമയപരിധി അവസാനിക്കുകയാണ്. എന്നാൽ സംസ്ഥാനങ്ങളുടെ ധനകാര്യ രംഗത്തെ ഏറ്റവും നിർണ്ണായകമായി സ്വാധീനിക്കുന്ന ഇത്തരം വിഷയങ്ങളിൽ കേന്ദ്ര ബജറ്റ് കുറ്റകരമായ മൗനം അവലംബിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രവിഹിതം പല വിധത്തിൽ കുറയുമ്പോഴും ചെലവുകൾ കുത്തനെ ഉയരുകയാണ്. ആരോഗ്യരംഗം അടക്കമുള്ള സംസ്ഥാന വിഷയങ്ങളിൽ ഇത് ഉളവാക്കുന്ന പ്രതിസന്ധി ഗുരുതരമാണ്. കോവിഡ് വാക്സിനേഷന് വേണ്ടി കഴിഞ്ഞ ബജറ്റിൽ 35,000 കോടി രൂപ വകയിരുത്തിയപ്പോൾ ഇത്തവണ അത് 5,000 കോടി മാത്രമാണ്. പലയിടത്തും രണ്ടാം ഡോസ് വാക്സിനേഷൻ പൂർത്തിയാകാത്ത സാഹചര്യത്തിലും ബൂസ്റ്റർ ഡോസ് അനിവാര്യമായതിനാലും ഈ തുക അപര്യാപ്തമാണ്. ഇതിനുള്ള അധിക ചെലവ് സംസ്ഥാനങ്ങൾക്ക് താങ്ങാൻ കഴിയുന്നതല്ലെന്ന് അദ്ദേഹം പറഞ്ഞു.

സംസ്ഥാനങ്ങളുടെ കടമെടുക്കുന്നതിനുള്ള പരിധി 4.5 ശതമാനമായി ഉയർത്തിയിട്ടുണ്ടെങ്കിലും ഇതിനുള്ള കർക്കശ നിബന്ധനകൾ കാരണം പ്രയോജനം ലഭിക്കാതെ പോകുന്നു. ഇതിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. എന്നാൽ ഇക്കാര്യത്തിൽ മൗനം അവലംബിക്കുന്ന യൂണിയൻ ബജറ്റ് പകരം, സംസ്ഥാനങ്ങൾക്ക് ഒരു ലക്ഷം കോടി രൂപ ദീർഘകാലാടിസ്ഥാനത്തിൽ വായ്പ നൽകുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. കേരളത്തിന് ഇത് വഴി 2000 കോടി രൂപ വരെ ലഭിച്ചേക്കാം. എന്നാൽ സംസ്ഥാന ചെലവുകൾ വലിയ തോതിൽ ഉയരുമ്പോൾ സംസ്ഥാനങ്ങളെ സഹായിക്കുന്ന സമീപനമല്ല കേന്ദ്രത്തിനുള്ളത്. ഇത് രാജ്യത്തിന്റെ ഫെഡറൽ ഘടനയ്ക്ക് കാര്യമായ ഭീഷണി ഉയർത്തുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.




ധനകമ്മി നികത്തുന്നതിനുള്ള ഗ്രാന്റുകൾ അടക്കമുള്ള കേന്ദ്രവിഹിതങ്ങൾ കേരളത്തിന് അടുത്തകാലത്തായി വലിയ അളവിൽ കുറഞ്ഞതായി അദ്ദേഹം ചൂണ്ടിക്കാട്ടി. കേന്ദ്രധനകാര്യ കമ്മീഷനുകളുടെ അവാർഡുകളിൽ കേരളത്തിന് വിഹിതം കുറഞ്ഞു വരികയാണ്.

അതിസമ്പന്നർക്ക് കൂടുതൽ നികുതി ഏർപ്പെടുത്തുക എന്നതടക്കം പ്രത്യക്ഷ നികുതി വരുമാനം ഉയരുന്നതിനുള്ള ഒരു നിർദേശവും പുതിയ ബജറ്റിലില്ലെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. പകരം പരോക്ഷ നികുതി വഴി വരുമാനം ഉയർത്തുന്നതിനാണ് കേന്ദ്രം ഊന്നൽ നൽകുന്നത്. ഇതുവഴി വർധിക്കുന്ന വരുമാനത്തിന്റെ അർഹമായ വിഹിതം സംസ്ഥാനങ്ങൾക്ക് നൽകാതിരിക്കാൻ കേന്ദ്രം ബോധപൂർവം ശ്രമിക്കുന്നതായി മന്ത്രി പറഞ്ഞു. വരുമാനം സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കേണ്ടതില്ലാത്ത സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടി, സർചാർജ്, സെസ് തുടങ്ങിയവ വർധിപ്പിക്കുന്നത് വഴി സംസ്ഥാനങ്ങളുടെ ധനസ്ഥിതിയിൽ പ്രതിസന്ധി ഉണ്ടാകുന്നു. ഈ നയത്തിൽ തിരുത്തൽ വരേണ്ടത് രാജ്യത്തിന്റെ ഫെഡറൽ ഘടന സംരക്ഷിക്കുന്നതിന് ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

ഉദ്ഘാടന സെഷനിൽ ഗിഫ്റ്റ് ഡയറക്ടർ ഡോ. കെ.ജെ. ജോസഫ് അധ്യക്ഷത വഹിച്ചു. സംസ്ഥാന അഡിഷണൽ ചീഫ് സെക്രട്ടറി ആർ.കെ. സിംഗ് മുഖ്യപ്രഭാഷണം നടത്തി. കേന്ദ്ര സർവകലാശാല ഇക്കണോമിക്സ് വിഭാഗം മേധാവി പ്രഫസർ കെ.സി. ബിജു സംസാരിച്ചു. തുടർന്ന് നാലു സെഷനുകളിലായി നടന്ന വെബിനാറിൽ നിരവധി സാമ്പത്തിക വിദഗ്ദ്ധർ പ്രഭാഷണം നടത്തി.

**കാർഷിക മേഖലയെ മെച്ചപ്പെടുത്താൻ ക്യാമ്പയിനുകൾ ഏറ്റെടുക്കാൻ തദ്ദേശസ്ഥാപനങ്ങൾ മുന്നോട്ടുവരണം. കേരളത്തിലെ വയോജനങ്ങൾക്ക് പ്രയോജനകരമാകുംവിധം പദ്ധതികൾ കൊണ്ടുവന്നാൽ അവർക്കിടയിലുള്ള ഒറ്റപ്പെടലിന് പരിഹാരം കാണാൻ സാധിക്കും. ജില്ലാ അടിസ്ഥാനത്തിൽ വികസന പരിപ്രേക്ഷ്യങ്ങൾ ക്രോഡികരിക്കണമെന്നും ഇത്തരം രേഖകൾ ഭാവിയുടെ മാർഗനിർദ്ദേശങ്ങളാണ്. അധികാര വികേന്ദ്രീകരണം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കുട്ടിപ്പതിപ്പ് നിർമ്മാണം അല്ലെന്നും പ്രാതിനിധ്യ ജനാധിപത്യത്തിന് അപ്പുറത്ത് ജനങ്ങൾ നേരിട്ട് പങ്കെടുക്കുന്ന ജനാധിപത്യപ്രക്രിയായി ജനകീയാസൂത്രണ പരിപാടികൾ മാറണം.**



# ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടർച്ചയുണ്ടാകണം: ഡോ. ടി.എം. തോമസ് ഐസക്

**ജ**നകീയാസൂത്രണ പ്രസ്ഥാനത്തിന്റെ 25 വർഷങ്ങൾ അഭിമാനിക്കാൻ ഏറെ ഉണ്ടെങ്കിലും കഴിഞ്ഞ കാലങ്ങളിൽ നിൽക്കാതെ കൂടുതൽ മുന്നോട്ടു കുതിക്കണമെന്ന് മുൻ ധനകാര്യ മന്ത്രി ഡോ. ടി.എം. തോമസ് ഐസക് പറഞ്ഞു. തദ്ദേശ ദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സെമിനാറിൽ ജനകീയാസൂത്രണത്തിന്റെ 25 വർഷം പുതുതലമുറ വെല്ലുവിളികളും സാധ്യതകളും എന്ന വിഷയത്തിൽ അവതരണം നടത്തുകയായിരുന്നു അദ്ദേഹം.

ഗ്രാമീണ മേഖലയിലെ വികസന കുതിപ്പ് ഉത്പാദന മേഖലയിൽ സൃഷ്ടിക്കാൻ കഴിഞ്ഞില്ല. ആസൂത്രണ-നിർവ്വഹണത്തിൽ കൂടുതൽ ജന പങ്കാളിത്തത്തോടെ ഈ പോരായ്മ മറികടക്കാൻ സാധിക്കണമെന്ന് ഐസക് പറഞ്ഞു. ഗ്രാമസഭകൾ സജീവമാക്കുന്നതോടൊപ്പം കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ തുടങ്ങിയ മൈക്രോ സംഘങ്ങളെ ഉപഗ്രാമസഭകളായി അംഗീകരിക്കണമെന്നും സന്നദ്ധ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പഴയ നിലവാരത്തിൽ സന്നദ്ധ പ്രവർത്തനങ്ങൾ നടത്താൻ പുതിയ തലമുറയെ കൂടി ഇതിന്റെ ഭാഗമാക്കണമെന്നും അവർക്ക് വിദഗ്ധ പരിശീലനം നൽകണമെന്നും ഐസക് കൂട്ടിച്ചേർത്തു.

കാർഷിക മേഖലയെ മെച്ചപ്പെടുത്താൻ ക്യാമ്പയിനുകൾ ഏറ്റെടുക്കാൻ തദ്ദേശസ്ഥാപനങ്ങൾ മുന്നോട്ടുവരണം. കേരളത്തിലെ വയോജനങ്ങൾക്ക് പ്രയോജനകരമാകുംവിധം പദ്ധതികൾ കൊണ്ടുവന്നാൽ അവർക്കിടയിലുള്ള ഒറ്റപ്പെടലിന് പരിഹാരം കാണാൻ സാധിക്കും ഐസക് പറഞ്ഞു. ജില്ലാ അടിസ്ഥാനത്തിൽ വികസന പരിപ്രേക്ഷ്യങ്ങൾ ക്രോഡീകരിക്കണമെന്നും ഇത്തരം രേഖകൾ ഭാവിയുടെ മാർഗനിർദ്ദേശങ്ങൾ ആണെന്നും അദ്ദേഹം സൂചിപ്പിച്ചു. അധികാര വികേന്ദ്രീകരണം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കുട്ടിപ്പതിപ്പ് നിർമ്മാണം അല്ലെന്നും പ്രാതിനിധ്യ ജനാധിപത്യത്തിന് അപ്പുറത്ത് ജനങ്ങൾ നേരിട്ട് പങ്കെടുക്കുന്ന ജനാധിപത്യപ്രക്രിയായി ജനകീയാസൂത്രണ പരിപാടികൾ മാറണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നേരത്തെ, തദ്ദേശസ്വയംഭരണ, എക്സൈസ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ സെമിനാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സെമിനാറിൽ ഓൺലൈൻ വഴി പങ്കാളികളായി.

# പ്രത്യേക ക്യാഷ് പ്രൈസ്

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**

# കയർ വകുപ്പ് മന്ത്രിയ്ക്ക് നിവേദനം നൽകി



**ക**യർ മേഖലയുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് കേരള കയർ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു) സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദനും ജനറൽ സെക്രട്ടറി കെ.കെ. ഗണേശനും സംസ്ഥാന വ്യവസായ-നിയമ കയർ മന്ത്രി പി. രാജീവിന് നിവേദനം നൽകി. കയർ മേഖലയുമായി ബന്ധപ്പെട്ട താഴെപറയുന്ന ആവശ്യങ്ങളാണ് കയർ സെന്റർ മന്ത്രിയുടെ അടിയന്തിര ഇടപെടലിനും നടപടികൾക്കുമായി സമർപ്പിച്ചത്.

**I. ചകിരി ഉത്പാദനം, സംഭരണം, വിതരണം**

126 ഓളം ഡീഫൈബറിംഗ് മില്ലുകൾ കയർ വികസന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് ആരംഭിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ പകുതി യൂണിറ്റുകൾ മാത്രമാണ് ചകിരി വിതരണം ചെയ്യുന്നത്. സർക്കാർ മുതൽമുടക്കോടെ ആരംഭിച്ച അവശേഷിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് പരിശോധന നടത്തി ഇവയെ പ്രവർത്തന സജ്ജമാക്കി ചകിരി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കയർ വികസന വകുപ്പിൽ നിന്നും സ്വീകരിക്കേണ്ടതാണ്.

ചകിരി മില്ലുകൾക്ക് തൊണ്ട് ലഭ്യമാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്. തൊണ്ട് സംഭരണം ഏറ്റെടുക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് തൊണ്ട് ഒന്നിന് 50 പൈസ സബ്സിഡി നൽകുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം ലഭിച്ചിട്ടുണ്ടെങ്കിലും ഇത്തരത്തിലുള്ള പ്രോജക്ടുകൾ ഒന്നും ഏറ്റെടുത്തതായി കാണുന്നില്ല.

**II. എ.എസ്.എം കയർ ഉത്പാദനം**

എ.എസ്.എം മെഷീനുകൾ ഇപ്പോഴും വിതരണം നടത്തുകയാണ്. 180 റണ്ണേജിന് മുകളിൽ 60 കിലോ കയറെങ്കിലും പ്രതിദിനം പിരിക്കുവാൻ കഴിയുന്ന നിലയിൽ എ.എസ്.എം മെഷീനുകൾ നവീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിലേയ്ക്കാവശ്യമായിട്ടുള്ള വേതനത്തോട് കൂടിയ സാങ്കേതിക പരിശീലനം തൊഴിലാളികൾക്ക് നൽകുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുക.

**III. എ.എസ്.എം, ഡി.എഫ് മെഷീനുകളുടെ റിപ്പയറും മെയിന്റനൻസും**

സർക്കാർ ലഭ്യമാക്കിയ ഡി.എഫ്-എ.എസ്.എം മെഷീനുകളുടെ റിപ്പയറും മെയിന്റനൻസും സാങ്കേതിക നവീകരണവും യഥാസമയം നിർവഹിക്കുന്നതിന് കഴിയാതെ വരുന്നു. ആയതിനാൽ ഈ മെഷീനുകളുടെ റിപ്പയറും മെയിന്റനൻസും അപ്പപ്പോൾ നിർവഹിക്കുന്നതിനും ടെക്നോളജി അപ്ഗ്രഡേഷൻ ആവശ്യമുണ്ടെങ്കിൽ ആയത് നിർവ്വഹിക്കുന്നതിനും നടപടിയുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

**IV. മാനേജീരിയൽ സബ്സിഡി തുടർന്നും അനുവദിക്കുക**

കയർ സംഘം ജീവനക്കാർക്ക് പ്രതിവർഷം 60,000 രൂപ മാനേജീരിയൽ സബ്സിഡിയായി നൽകി വന്നിരുന്നത് തുടർന്നും നൽകുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുക.

**V. പി.എം.ഐ സഹായം തുടർന്നും ലഭ്യമാക്കുക**

കയർപിരി സംഘങ്ങൾക്ക് ഉത്പാദനത്തിനാനുപാതികമായി പി.എം.ഐ (പ്രൊഡക്ഷൻ കം മാർക്കറ്റിംഗ് ഇൻസന്റീവ്) നൽകുന്നതിനുള്ള പദ്ധതി ദീർഘകാലമായി നടപ്പിലാക്കിവരുന്നതാണ്. പി.എം.ഐ തുക കൂടി ഉൾക്കൊള്ളുന്നതുകൊണ്ടാണ് ഓരോ കയറിനങ്ങളുടേയും ഉത്പാദന ചെലവിനനുസരണമായ വില നിർണ്ണയം നടത്തിയിട്ടുള്ളത്. പി.എം.ഐ കുടിശികയിടുന്നത് സംഘങ്ങളുടെ പ്രവർത്തനം അവതാളത്തിലാക്കിയിട്ടുണ്ട്. ആയതിൽ കുടിശിക തീർത്ത് വിതരണം ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണം.

**VI. മാർക്കറ്റിംഗ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് (എം.ഡി.എ) കുടിശിക തീർത്ത് വിതരണം ചെയ്യുക**

കയർ പൊതുമേഖല സ്ഥാപനങ്ങൾക്കും മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സംഘങ്ങൾക്കും മാർക്കറ്റിംഗ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് അഥവാ വിപണി വികസന ഫണ്ട് ലഭ്യമാക്കി വന്നിരുന്നതാണ്. 50% കേന്ദ്ര സഹായത്താൽ നടപ്പിലാക്കുന്ന എം.ഡി.എയ്ക്കുള്ള ബഡ്ജറ്റ് പ്രൊവിഷൻ വർദ്ധിപ്പിക്കാതിരിക്കുന്നത് കേന്ദ്രസഹായം നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കും. ആയതിനാൽ എം.ഡി.എ പദ്ധതിയ്ക്ക് മതിയായ തുക നീക്കിവെയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**VII. മാർക്കറ്റ് വിപുലീകരണം**

ആഭ്യന്തര മാർക്കറ്റ് വിപുലീകരിച്ച് കയറിന്റെയും കയറുത്പന്നങ്ങളുടെയും വിപണി വർദ്ധിപ്പിക്കുന്നതിന് ഒരു മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുന്നതിന് കയർ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. സ്വകാര്യ പങ്കാളിത്തത്തോടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിച്ചോ, മറ്റേതെങ്കിലും ബദൽ സംവിധാനങ്ങൾ ആവിഷ്ക്കരിച്ചോ കയറിന്റെയും കയറുൽപ്പന്നങ്ങളെയും ആഭ്യന്തരമാർക്കറ്റ് വിപുലീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

**VIII. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യവികസനം**

കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യവികസനത്തിന് അനുവദിച്ചുള്ള തുക വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന്

ഊരാളുങ്കൽ സൊസൈറ്റിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കേരളത്തിലെ മുഴുവൻ സംഘങ്ങളുടെയും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഈ സ്ഥാപനത്തിന് കഴിയാതെ വന്നിരിക്കുകയാണ്. ആയതിനാൽ ബദൽ സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**IX. പ്രവർത്തന മൂലധനം അനുവദിക്കുക**

രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവർത്തനമൂലധന സഹായമൊന്നും ലഭ്യമാക്കിയിട്ടില്ല. ഉത്പാദനത്തിന്റെ അടിസ്ഥാനത്തിൽ കയർ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം അനുവദിക്കുന്നതിന് നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**X. പി.ഡബ്ല്യു.ഡി റോഡ് നിർമ്മാണത്തിന് കേരളത്തിന്റെ ഭൂവസ്ത്രം വിനിയോഗിക്കുക**

പി.ഡബ്ല്യു.ഡി റോഡ് നിർമ്മാണത്തിന് കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാസ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്ന ഭൂവസ്ത്രം എൻ.സി.ആർ.എം.ഐയുടെ പരിശോധന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിനിയോഗിക്കപ്പെടേണ്ടതാണെന്ന് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് പി.ഡബ്ല്യു.ഡി മന്ത്രിയായിരുന്ന ജി.സുധാകരൻ മുൻകൈയെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. എന്നാൽ ഈ ഉത്തരവ് ഇനിയും നടപ്പിലാക്കി തുടങ്ങിയിട്ടില്ല. എൻ.സി.ആർ.എം.ഐയുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കയർഫെഡിൽ നിന്നും, കയർ കോർപ്പറേഷനിൽ നിന്നും നൽകുന്ന കയർ ഭൂവസ്ത്രം മാത്രമേ പി.ഡബ്ല്യു.ഡി റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാവൂവെന്ന് നിഷ്ക്കർഷിക്കുന്നതിന് നടപടിയുണ്ടാകണമെന്നും, അതിലൂടെ വിപണനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**XI. ഇൻകം സപ്പോർട്ട് സ്കീമിന് (ഐ.എസ്.എസ്.) മതിയായ തുക വകയിരുത്തുക**

പരമ്പരാഗത, ഇലക്ട്രോണിക്ക് റാട്ടുകളിൽ കയർ പിരിക്കുന്ന തൊഴിലാളികൾക്ക് പ്രതിദിനം 110 രൂപയുടെ ഐ.എസ്. എസ്. സഹായം ലഭ്യമാക്കുന്നുണ്ട്. ഈ തുക യഥാസമയം വിതരണം ചെയ്യാൻ കഴിയാതെ വരുന്നത് കയർപിരി മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു. ആയതിനാൽ ഐ.എസ്.എസിന് മതിയായ തുക ബഡ്ജറ്റ് വിഹിതമായി ഉൾക്കൊള്ളിക്കുന്നതിനും അവയഥാസമയം വിതരണം ചെയ്യുന്നതിനും നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**XII. കയർ ക്ലസ്റ്ററുകൾ രൂപീകരിക്കുക**

കയർ സംഘങ്ങളെ സർക്കിൾ അടിസ്ഥാനത്തിൽ ബന്ധിപ്പിച്ച് പ്രത്യേക പ്രോജക്ട് തയാറാക്കി കയർ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നത് വഴി കേന്ദ്രസഹായം പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്. ഈ കാര്യത്തിൽ കയർ വകുപ്പും എൻ.സി.ആർ.എം.ഐയും ഊർജ്ജിത നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**XIII. കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് മെഷീൻ മാനുഫാക്ചറിംഗ് കമ്പനി എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച്**

സ്ഥാപിത ലക്ഷ്യം കൈവരിക്കുവാൻ കഴിയുന്ന നിലയിൽ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് മെഷീൻ മാനുഫാക്ചറിംഗ് കമ്പനി തുടങ്ങിയ പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ഉടച്ചുവാർത്ത് ശക്തിപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ടി സ്ഥാപനങ്ങളുടെ പ്രവർത്തനം പ്രൊഫഷണലായി കൈകാര്യം ചെയ്യുവാൻ കഴിയുന്ന ഉദ്യോഗസ്ഥൻമാരെ ചീഫ് എക്സിക്യൂട്ടീവുമാരായി ഈ സ്ഥാപനങ്ങളിൽ നിയോഗിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**XIV. എൻ.സി.ആർ.എം.ഐ**

കയർ വ്യവസായ രംഗത്തെ ഗവേഷണ-വികസന വെല്ലുവിളികൾ ഏറ്റെടുക്കുവാൻ കഴിയുന്ന നിലയിൽ എൻ.സി.ആർ.എം.ഐ-യെ പുനഃസംഘടിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**XV. കയർ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുക**

കയർപിരി തൊഴിലാളികളുടെ കൂലി ഓരോ അഞ്ച് വർഷം കൂടുന്തോറും പുതുക്കി നിശ്ചയിക്കുന്നതിന് നടപടിയുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

**XVI. സി.ഐ.ആർ.സി വേതന വർദ്ധനവ് നടപ്പിലാക്കുക**

മൂന്ന് വർഷം കൂടുമ്പോൾ ഉൽപ്പന്ന മേഖലയിൽ കൂലി പുതുക്കി നിശ്ചയിക്കുന്ന പതിവാണുള്ളത്. 2020 മെയ് മാസത്തിൽ കരാറിന്റെ കാലാവധി അവസാനിച്ചതാണെങ്കിലും കൂലി ഇനിയും പുതുക്കി നിശ്ചയിച്ചിട്ടില്ല.

ആയതിനാൽ സി.ഐ.ആർ.സി അടിയന്തിരമായി വിളിച്ചുചേർത്ത് കൂലി പുതുക്കി നിശ്ചയിക്കുവാൻ ആവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.






*മലപ്പുറം അരീക്കോട് ബ്ലോക്ക് പഞ്ചായത്തിൽ പി.കെ. ബഷീർ എം.എൽ.എ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിളിച്ചു ചേർത്ത പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് മിഷൻ ഉദ്യോഗസ്ഥരുടെ യോഗം.*

## ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Cherthala | 9400725013 | | |
| 6 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 7 | Kannur | 8281009864 | 0497-2707108 | |
| 8 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 9 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 10 | Kottayam | 8281009857 | 0481-2303279 | |
| 11 | Kozhikkode | 8281009863 | 0495-2549105 | |
| 12 | Malappuram | 8281009862 | 0483-2731806 | |
| 13 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 14 | Nangyarkulangara | 8281009853 | 0479-2412219 | |
| 15 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 16 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 17 | Parippally | 8281009848 | 0474-2576111 | |
| 18 | Pathanamthitta | 8281009873 | | |
| 19 | Sulthan Bathery | 8281009865 | 04936-265607 | |
| 20 | Sreekariyam | | 9349109251 | |
| 21 | Thirur | 8281009861 | 0494-2421441 | |
| 22 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 23 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 24 | Ahmedabad | 09028073347 | 079-22122858 | |
| 25 | Ajmeer | 08769233721 | 0145-2620607 | |
| 26 | Amaravathy | 09421739326 | 0721-2576304 | |
| 27 | Amritsar | 09958272064 | 0183-2557747 | |
| 28 | Bangalore | 8921861538 | | |
| 29 | Bhavanagar | 9497757231 | 0278-2516620 | |
| 30 | Bhopal | 09303964488 | 0755-2745923 | |
| 31 | Calcutta | 09163342270 | 033-22353029 | |
| 32 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 33 | Delhi | 09958272064 | 011-22544026 | |
| 34 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 35 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 36 | Jabalpur | 09450159009- 07024347446 | | 0761-5007765 |
| 37 | Jaipur | 09950838171 | 0141-2319806 | |
| 38 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 39 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 40 | Ludhiana | 09958272064 | 0161-2728238 | |
| 41 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 42 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 43 | Siliguri | 07319562716 | 0353-2430407 | |
| 44 | Surat I | 9497757231 | 0261-2438673 | |
| 45 | Surat II | | | |
| 46 | Trichy | 09750125580 | 09750125580 | |
| 47 | Pandurna | 09422857737 | 0716-4220183 | |
| 48 | Chapra | 09939066693 | 08986369244 | |
| 49 | Warud | 09421739326 | 0722-9234223 | |

# കയർ മേഖലക്ക് പുതുജീവനായി ഭൂവസ്ത്രം




**കേ**രളത്തിന് അഭിമാനിക്കാവുന്ന പരമ്പരാഗത വ്യവസായമാണ് കയർ. കയർ മേഖലക്ക് ഉണർവും പുത്തൻ വിപണിയും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന കയർ വകുപ്പ് നടപ്പാക്കുന്ന സുപ്രധാന കാൽവെയ്പാണ് കയർ ഭൂവസ്ത്രം പദ്ധതി. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തിൽ നടപ്പാക്കുന്ന പദ്ധതി പ്രകൃതിയെ സംരക്ഷിക്കുന്നതിനൊപ്പം കയർ മേഖലക്ക് പുതുജീവനാണ് നൽകുന്നത്.

2017ലാണ് കയർ ഭൂവസ്ത്ര പദ്ധതി വ്യാപകമാക്കാൻ തീരുമാനിച്ചത്. സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ മണ്ണ്, ജല സംരക്ഷണ പദ്ധതികളിലും റോഡ് നിർമ്മാണത്തിലും കയർ ഭൂവസ്ത്രം ഉപയോഗിക്കുക എന്നതായിരുന്നു ലക്ഷ്യം. ഇതിനുവേണ്ടി തദ്ദേശ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന കയർ ഭൂവസ്ത്രം കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഭരിച്ച് നൽകുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 584 കയർ സഹകരണ സംഘങ്ങളിൽ നിർമ്മിക്കുന്ന കയർ ഉപയോഗിച്ച് ഉത്പന്ന മേഖലയിൽ പ്രവർത്തിക്കുന്ന മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സംഘങ്ങളും ചെറുകിട ഉത്പാദക സംഘങ്ങളും കയർ ഭൂവസ്ത്രനിർമ്മാണം നടത്തുന്നു.

ഈ മേഖലയിലെ തൊഴിലാളികൾക്ക് മികച്ച വരുമാനം നേടി കൊടുക്കുന്നതിന് ഏറെ സഹായകരമാണ് ഈ പദ്ധതി 95 ശതമാനം സ്ത്രീകളുടെ പങ്കാളിത്തമുള്ള കയർപിരി മേഖലയിൽ നിന്നുള്ള കയർ ഉപയോഗിച്ച് നിർമ്മിക്കുന്ന ഭൂവസ്ത്രം 95 ശതമാനം സ്ത്രീകളുടെ പ്രാതിനിധ്യമുള്ള തൊഴിലുറപ്പ് പദ്ധതിയിലൂടെ ആസ്തികളുടെ സംരക്ഷണത്തിന് ഉപയോഗപ്പെടുത്തുന്നതു വഴി സ്ത്രീശാക്തീകരണവും സാധ്യമാകുന്നു.

2017-2021 കാലഘട്ടത്തിൽ ഏകദേശം 350 കോടി രൂപയുടെ അസംസ്കൃത ഘടകങ്ങൾ വിവിധ പദ്ധതികൾ വഴി ഉപയോഗപ്പെടുത്തിയതിൽ 100 കോടി രൂപയുടെ കയർ ഭൂവസ്ത്രം സംസ്ഥാനത്ത് വിനിയോഗിച്ചു എന്നത് പദ്ധതിയുടെ സ്വീകാര്യത വിളിച്ചോതുന്നു. 2021-22ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കയർ കേരളയുമായി ഒപ്പുവച്ച ധാരണാപത്രം പ്രകാരം 121 കോടി രൂപയുടെ കയർ ഭൂവസ്ത്രം വാങ്ങാൻ ഓർഡർ നൽകിയിരുന്നു. അതിൽ ഇതുവരെ 40 കോടി രൂപയുടെ പദ്ധതി പൂർത്തിയാക്കി. ഏകദേശം 8.5 കോടി രൂപ മൂല്യമുള്ള 11.5 ദശലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രത്തിന്റെ ഓർഡറുകൾ 2022 ഫെബ്രുവരിയിൽ ആരംഭിച്ച ക്യാമ്പയിനിലൂടെ മാത്രം ലഭിച്ചെന്നത് കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള മണ്ണ്, ജല പദ്ധതികൾക്കുള്ള അംഗീകാരമാണ്.

പ്രകൃതിയെ സംരക്ഷിക്കാനുള്ള പുതിയ നയം സർക്കാർ സ്വീകരിച്ചത് കയർ ഉത്പാദന മേഖലക്ക് താങ്ങാകുന്ന ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇതിനകം മറ്റു പല സംസ്ഥാനങ്ങളിൽ നിന്നും കയർ ഭൂവസ്ത്രത്തിനു ഓർഡർ ലഭിച്ചു കഴിഞ്ഞു എന്നത് ഈ പദ്ധതിയുടെ സ്വീകാര്യത എത്ര വലുതാണെന്ന് വ്യക്തമാക്കും. വ്യാവസായിക മുന്നേറ്റത്തിലും പരിസ്ഥിതി സംരക്ഷണത്തിലും തൊഴിൽ ലഭ്യമാക്കുന്നതിലും മികച്ച മാതൃകയാണ് കേരളം കയർ ഭൂവസ്ത്ര പദ്ധതിയിലൂടെ മുന്നോട്ടുവെക്കുന്നത്.




# പുതുചരിത്രം രചിച്ച് കയർ വികസന വകുപ്പ്

കയർ വികസന വകുപ്പ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മണ്ണ് ജല സംരക്ഷണ പദ്ധതികളിലും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് 2017ൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച ഒരു ഫ്ലാഗ്ഷിപ്പ് പോഗ്രാമാണ് കയർ ഭൂവസ്ത്ര പദ്ധതി.

കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കയർ ഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് എന്നിവയാണ് ഇതിന് ആവശ്യമായ കയർഭൂവസ്ത്രം സംഭരിച്ച് നൽകുന്നത്.

സംസ്ഥാനത്തെ 584 കയർ സഹകരണ സംഘങ്ങളിൽ ഉത്പാദിപ്പിക്കുന്ന കയറിന് ആഭ്യന്തര വിപണി കണ്ടെത്തുന്നതിൽ കയർഭൂവസ്ത്രം പദ്ധതിക്ക് വലിയ പങ്കുണ്ട്. ഈ കയറുപയോഗിച്ച് ഭൂവസ്ത്രം നിർമ്മിക്കുന്നതും സംസ്ഥാനത്തെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കയർ സംഘങ്ങളാണ്. ഈ മേഖലയിൽ 95 ശതമാനവും സ്ത്രീകളാണ് തൊഴിലെടുത്ത് ഉപജീവനം നടത്തുന്നത് എന്നതിനാൽ സ്ത്രീ ശാക്തീകരണത്തിന് ആക്കം കൂട്ടുന്ന ഒരു പദ്ധതി കൂടിയാണ് ഇത്. 2017 മുതൽ 2021 വരെ ഏകദേശം 350 കോടി രൂപയുടെ വിവിധ പ്രോജക്ടുകൾ തൊഴിൽ ഉറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയപ്പോൾ 100 കോടി രൂപയുടെ കയർഭൂവസ്ത്രമാണ് കേരളത്തിൽ വിനിയോഗിക്കാനായത്. ഇത് ആഭ്യന്തര മാർക്കറ്റിലെ വലിയ ഒരു സാധ്യത തന്നെയാണ്. പരീക്ഷണ അടിസ്ഥാനത്തിൽ കേരളത്തിൽ ചുരുക്കം ചിലയിടങ്ങളിൽ ഉപയോഗിച്ചുകൊണ്ടിരുന്ന കയർഭൂവസ്ത്രം സംസ്ഥാനത്ത് വ്യാപകമായി ഉപയോഗിച്ച് വലിയ ജനകീയ പിന്തുണയുള്ള പദ്ധതിയായി ഇപ്പോൾ മാറിയിരിക്കുന്നു.

2021ലെ കയർ കേരളയിൽ ഒപ്പുവച്ച 120 കോടി രൂപയുടെ ധാരണാപത്രം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നടപ്പാക്കുന്നതിന് നിരവധി പ്രതിസന്ധികൾ നേരിട്ടു. അവയെല്ലാം തരണം ചെയ്യുന്നതിനും പദ്ധതി വിജയകരമായി മുന്നോട്ടു കൊണ്ടുപോകുന്നതിനും സാധിച്ചു. 40 കോടി രൂപയുടെ പദ്ധതി ഇതിനോടകം യാഥാർഥ്യമായി കഴിഞ്ഞു. സംസ്ഥാനത്തെ 875 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് 1.68 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം എം.ജി. എൻ.ആർ.ഇ.ജി.എസ്. പദ്ധതികൾക്കായി വിനിയോഗിക്കാമെന്നു ധാരണാപത്രം ഒപ്പിട്ടിരുന്നത്.

സാമ്പത്തികവർഷം അവസാനിക്കാൻ രണ്ടുമാസം മാത്രം ബാക്കിനിൽക്കുന്ന സാഹചര്യത്തിൽ കയർ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിനായി കയറിനും കയർ ഉത്പന്നങ്ങളുടെയും ആഭ്യന്തര വിപണി ശക്തിപ്പെടുത്തുക എന്നുള്ളത് അനിവാര്യമാണെന്ന് കണ്ടതിനാൽ കയർ വികസന വകുപ്പിലെ മുഴുവൻ ജീവനക്കാരും 2022 ഫെബ്രുവരി മാസം മുഴുവൻ കയർ ജിയോ ടെക്സ്റ്റൈൽസ് മാർക്കറ്റിംഗ് ക്യാമ്പയിന്റെ ഭാഗമായി മാറുകയാണ്. സംസ്ഥാനത്തെ ഓരോ പഞ്ചായത്തുകളിലും കയറിയിറങ്ങി തൊഴിലുറപ്പിന്റെ അക്രഡിറ്റഡ് എഞ്ചിനീയർ ഓവർസിയർമാർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി അസിസ്റ്റൻറ് സെക്രട്ടറി എന്നിവരെയെല്ലാം കണ്ട് ചർച്ച നടത്തി തീരുമാനിച്ച പദ്ധതികൾ ഈ സാമ്പത്തികവർഷം തന്നെ പൂർത്തീകരിക്കുന്നതിന് കയർ ഭൂവസ്ത്രത്തിന്റെ ഓർഡറുകൾ എഴുതി വാങ്ങുകയാണ് ഈ ക്യാമ്പയിൻ ഭാഗമായി ചെയ്തു വരുന്നത്.

ഇപ്രകാരം ലഭിക്കുന്ന ഓർഡറുകൾ അതത് ജില്ലകളുടെ ചുമതലയുള്ള കയർ പൊതുമേഖലാ സ്ഥാപനത്തിന് കൈമാറുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡിമാൻഡ് അനുസരിച്ച് ആവശ്യപ്പെടുന്ന അളവിലുള്ള കയർഭൂവസ്ത്രം ബന്ധപ്പെട്ടവർക്ക് വർക്ക് സൈറ്റുകളിലേക്ക് ചുമതലയുള്ള കയർ പൊതുമേഖലാ സ്ഥാപനങ്ങൾ തുടർന്ന് എത്തിച്ചു നൽകുകയും ചെയ്യുന്നു. ഫെബ്രുവരി മാസം ഒന്നാം തീയതി മുതൽ ആരംഭിച്ച ക്യാമ്പയിനിൽ ആശാവഹമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

11.5 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രത്തിന്റെ ഓർഡറുകൾ ആണ് ഇപ്രകാരം സംഭരിക്കാൻ നാളിതു

വരെ കഴിഞ്ഞത്. ഇതിന്റെ മൂല്യം 8.5 കോടി രൂപ യാണ്. ഈ കാമ്പയിൻ തുടർന്നുകൊണ്ടു പോകുന്നതിനാണ് കയർ വികസന ഡയറക്ടർ നിർദ്ദേശം നൽകിയിരിക്കുന്നത് ഓരോ ജില്ലയിലേക്കും ചുമതലപ്പെടുത്തിയിരിക്കുന്ന ഓരോ ടീമിലും കയർ വികസന ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരും പ്രോജക്ട് ഓഫീസിലെ ഉദ്യോഗസ്ഥരും ചുമതലയുള്ള കയർ പൊതുമേഖലാ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും ഒന്നിച്ചാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്ദർശിക്കുന്നത്.

ഇതോടൊപ്പംതന്നെ എൻ.സി.ആർ.എം.ഐ.യിൽനിന്നും സീനിയർ സയന്റിസ്റ്റുമാരുടെ ടീം സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതിന് ആവശ്യാനുസരണം തദ്ദേശഭരണസ്ഥാപനങ്ങൾ സന്ദർശിക്കുന്നുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സന്ദർശിക്കുന്ന ടീമുകൾ അവിടെ നിന്ന് ലഭ്യമാകുന്ന വിവരങ്ങൾ ഗൂഗിൾ ഷീറ്റിൽ തൽസമയം തന്നെ അപ്‌ലോഡ് ചെയ്യുന്നു. ഇപ്രകാരം അപ്‌ലോഡ് ചെയ്യുമ്പോൾ സ്ഥാപനത്തിന് ആവശ്യമായ സഹായങ്ങൾ




ഏതുവിധത്തിൽ ഉള്ളതാണെന്ന് എന്ന് മനസിലാക്കാൻ കഴിയും. അതിന്റെ അടിസ്ഥാനത്തിൽ എൻ.സി.ആർ.എം.ഐ. ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുകയും ചെയ്യുകയാണ് ചെയ്തുവരുന്നത്.

ഓരോ ടീമുകളും ഒരു ദിവസം ശരാശരി 200 കിലോമീറ്ററിലധികം സഞ്ചരിക്കുന്നുണ്ട്. സാധാരണ സർക്കാർ ഡിപ്പാർട്ട്മെന്റുകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ഫീൽഡ് വർക്ക് ചെയ്ത് പരിചയമുള്ളവരല്ല. കയർ വകുപ്പിൽ ഇപ്പോൾ പ്രവർത്തിക്കുന്ന മഹാഭൂരിപക്ഷം ജീവനക്കാരും പുതിയ ജീവനക്കാരാണ്. അതുകൊണ്ടുതന്നെ എൻ.സി.ആർ.എം.ഐ.യിൽ വച്ച് കയർ ഭൂവസ്ത്ര ക്യാമ്പയിനിൽ പങ്കെടുക്കാൻ അവർക്ക് പ്രത്യേക പരിശീലനം നൽകുക ഉണ്ടായി. പദ്ധതിയുടെ നടത്തിപ്പ് കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇതിലൂടെ പുതിയ ഒരു ചരിത്രം രചിക്കുകയാണ് കയർ വികസന വകുപ്പ് ഒന്നാകെ.

***(മന്ത്രി പി. രാജീവിന്റെ എഫ്.ബി.പോസ്റ്റിൽ നിന്നും)***






*രണ്ടാം ഘട്ടം സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേയ്ക്ക് പി.എസ്.സി നിയമന ശുപാർശ പ്രകാരം നിയമിതരായ ജീവനക്കാർക്ക് കയർഫെഡിന്റെ ആലപ്പുഴ യാൺ ഡിവിഷനിൽ വച്ച് നടത്തിയ പരിശീലന പരിപാടിയിൽ കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ സംസാരിക്കുന്നു*

## സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ്-2

# രണ്ടാംഘട്ട പരിശീലനം പൂർത്തിയായി

**ക**യർഫെഡിൽ പി.എസ്.സി വഴി നിയമിതരായ രണ്ടാം ബാച്ചിന്റെ പരിശീലനം പൂർത്തിയായി. കയർഫെഡിലെ നിയമനം 1995ലാണ് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമാക്കിക്കൊണ്ട് സർക്കാർ നിയമം നടപ്പിലാക്കിയത്. 2017ൽ കയർഫെഡിന്റെ നിയമന ചട്ടം അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. തുടർന്ന് കയർഫെഡിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതനുസരിച്ച് സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ് -2 തസ്തികയിലേയ്ക്ക് പി.എസ്.സി നിയമന ശുപാർശ നൽകിയ ആദ്യ ബാച്ചിൽ നിയമിതരായ ജീവനക്കാർക്ക് തിരുവനന്തപുരം നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് 9 ദിവസത്തെ റെസിഡൻഷ്യൽ ട്രെയിനിംഗ് നൽകുകയുണ്ടായി.

തുടർന്ന് രണ്ടാം ഘട്ടത്തിൽ സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേയ്ക്ക് പി.എസ്.സി നിയമന ശുപാർശ നൽകിയതനുസരിച്ച് നിയമിതരായ ജീവനക്കാർക്ക് കയർഫെഡിന്റെ ആലപ്പുഴ യാൺ ഡിവിഷനിൽ വച്ച് വിശദമായ പരിശീലനം നൽകി. പരിശീലന പരിപാടിയിൽ കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, വൈസ് പ്രസിഡന്റ് ജോഷി ഏബ്രഹാം, എക്സി. കമ്മറ്റി അംഗങ്ങളായ വി.എസ്. മണി, എം. പുഷ്ക്കരൻ, കയർഫെഡ് ജനറൽ മാനേജർ ബി. സുനിൽ, ഡി. സജീവ്, വി.എൻ. ശശികുമാർ, ശ്രീവർദ്ധൻ നമ്പൂതിരി, എം. അനുരാജ്, എസ്. അനിൽ, ശാർങ്ധരൻ, കൈരളി കുമാർ, വിനേഷ്, എം.പി. നാരായണൻ നായർ തുടങ്ങി വിദഗ്ദരായവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസുകൾ എടുത്തു.

പരിശീലനം സിദ്ധിച്ച ജീവനക്കാരെ കയർഫെഡിന്റെ കേരളത്തിനു പുറത്തുള്ള ഡൽഹി, ബാംഗ്ലൂർ, അഹമ്മദാബാദ്, സൂററ്റ് എന്നീ ഷോറൂമുകളിലേയ്ക്ക് നിയോഗിക്കുകയും ചെയ്തു. കേരളത്തിന് പുറത്തുള്ള കയർഫെഡ് ഷോറൂമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി കയറിനും മറ്റ് കയറുത്പന്നങ്ങളുടേയും വിൽപ്പന വർദ്ധിപ്പിക്കുക എന്നതാണ് ഇവരുടെ പ്രധാന ദൗത്യം.

## കേരളത്തിന് പുറത്തുള്ള ഷോറൂമുകളിൽ പുതുതായി ചുമതലയേറ്റവർ



**കാവ്യശ്രീ എസ്.എസ്**
**ഡൽഹി ഷോറൂം**



**രമ്യ വി.എം,**
**ബാംഗ്ലൂർ ഷോറൂം**



**കൽപ്പന വി**
**അഹമ്മദാബാദ് ഷോറൂം**



**മഞ്ജുമോഹൻദാസ്**
**സൂററ്റ് ഷോറൂം**

## COIR DEVELOPMENT DEPARTMENT AND COIRFED CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri. Rajesh Kumar Sinha IAS<br>Principal Secretary, Coir | 0471 2517395 | |
| 2 | Sri.V.R.Vinod IAS,<br>Director of Coir Development | 0471-2322046 | 9400593500 |
| 3 | Smt. Helen Jerome, ADCD | 0471-2322046 | |
| 4 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 5 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 6 | Shri.Thomas John, D.R,<br>Coir Development Dept. | 0471-2322046 | 9447245611 |
| **II** | **Coir Project Offices** | | |
| 1 | Shri. K.J. Prabhakumar, Chirayinkeezh | 0470-2626581 | 8289807351 |
| 2 | Shri.Benedict Nixon, Kollam | 0474-2793412 | 9809016005 |
| 3 | Shri.G.Krishnapillai, Kayamkulam | 0479-2442469 | 9446071531 |
| 4 | Shri. R. Suresh Babu, Alappuzha | 828109816 | 9572077344 |
| 5 | Smt.S. Sudha Varma, Vaikom | 04829-231371 | 9446000377 |
| 6 | Smt. Indira K.M , North Paravoor | 0484-2442533 | 9495016149 |
| 7 | Shri.Sojan. C.R, Thrissur | 0487-2423047 | 9497193550 |
| 8 | Shri.Saseendran B, Ponnani | 0494-2666029 | 9496176030 |
| 9 | Smt. P.R. Sindu, Kozhikkode | 0495-2768460 | 9446079538 |
| 10 | Shri. S.K. Sureshkumar, Kannur | 0497-2705034 | 9744720375 |
| **III** | **Coirfed Head Office** | | |
| 1 | Sri. V.R. Vinod IAS, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. B. Sunil, General Manager | 8281009870 | 9400149478 |
| 3 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 4 | Shri. D. Sajeev, Personnel Manager | 9947562237 | |
| 5 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 6 | Shri. Sreevardhan Namboothiri. S<br>Marketing Manager(Y) | 8281009817 | 8850677769 |
| 7 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 8 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 9 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 10 | Shri S. Jayaprakash Regional Officer,<br>Alappuzha | 0477-2246272 | 8281009832 |
| 11 | Shri. R. Anil, Regional Officer, Kollam | 0474-2793543 | 8281009829 |
| 12 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 13 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 14 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 15 | Sri.BabuVijayanath, Depot Manager,<br>Alappuzha | 8281009872 | 9847222027 |
| 16 | Shri. N.K.Baby Materials Manager | 8281009834 | 9495873599 |
| 17 | Shri.V K Shine Stores Supervisor | 8281009818 | 8547524185 |
| 18 | Manager, RB Unit | | 9497635914 |
| 19 | Shri.Nagappan, Dispatch Supervisor,<br>PVCT Unit | 8330010737 | 8075250903 |
| 20 | Shri. Baburaj, Central Stores Manager | 0477-2242471 | |

# പൊതുവിദ്യാഭ്യാസ രംഗത്തിനു കരുത്തായി

# 53 ആധുനിക സ്കൂൾ കെട്ടിടങ്ങൾ മുഖ്യമന്ത്രി നാടിനു സമർപ്പിച്ചു



നവകേരളം കർമ്മ പദ്ധതിയിലെ വിദ്യാകിരണം മിഷന്റെ ഭാഗമായി അത്യാധുനിക നിലവാരത്തിൽ നിർമിച്ച 53 സ്കൂൾ കെട്ടിടങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ നാടിനു സമർപ്പിച്ചു. കിഫ്ബിയിൽ നിന്നുള്ള അഞ്ചു കോടി രൂപ വീതം ചെലവാക്കി നിർമിച്ച നാലു കെട്ടിടങ്ങൾ, മൂന്നു കോടി വീതം ചെലവഴിച്ചു നിർമിച്ച 10 കെട്ടിടങ്ങൾ, ഒരു കോടിയുടെ രണ്ടു കെട്ടിടങ്ങൾ, പ്ലാൻ ഫണ്ടും മറ്റും പ്രയോജനപ്പെടുത്തി നിർമിച്ച 37 കെട്ടിടങ്ങൾ എന്നിവയടക്കം 90 കോടി രൂപയുടെ പദ്ധതികളാണ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തത്. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിലെ ആദ്യ പരിപാടിയായിരുന്നു ഇത്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി 9,34,000 വിദ്യാർഥികൾ പുതുതായി പൊതുവിദ്യാലയങ്ങളിലേക്കെത്തിയതായി മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മാത്രമല്ല, വിദ്യാർഥികൾക്കു ലഭ്യമാകേണ്ട മറ്റ് ആധുനിക സൗകര്യങ്ങളും സജ്ജമാക്കണം. വിജ്ഞാന സമൂഹമെന്ന കാഴ്ചപ്പാടോടെയുള്ള മുന്നേറ്റത്തിനു അത് പ്രധാനമാണ്. 100 ദിന പരിപാടിയിൽപ്പെടുത്തി കെ-ഫോണിലൂടെ 140 നിയമസഭാ മണ്ഡലങ്ങളിലായി 100 കുടുംബങ്ങൾക്കുവീതം ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി ഒരുക്കാൻ തീരുമാനിച്ചിട്ടുണ്ട്. നാട് ആധുനിക ലോകത്തിനനുസൃതമായി മാറുന്നതിന്റെ സൂചകമാണിത്. സംസ്ഥാനത്തെ 30,000 സർക്കാർ ഓഫിസുകൾക്കും കെ-ഫോണിന്റെ ഭാഗമായുള്ള കണക്ഷൻ നൽകും. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ പൊതുവിദ്യാഭ്യാസ രംഗത്തിന് ഊന്നൽ നൽകിയ മാതൃകയിൽ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയേയും ശാക്തീകരിക്കും. അതിനുള്ള നടപടികൾ വൈകാതെയുണ്ടാകും.

സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച നൂറുദിന കർമ്മ പരിപാടിയിൽ ലൈഫ് മിഷനിൽപ്പെടുത്തി 20,000 കുടുംബങ്ങൾക്ക് 20,000 വീടുകൾ നൽകുമെന്നു മുഖ്യമന്ത്രി പറഞ്ഞു. വാതിൽപ്പടി സേവനം എല്ലായിടത്തേക്കും വ്യാപിപ്പിക്കും. 15,000 പേർക്കു പട്ടയം നൽകാനാണു തീരുമാനിച്ചിരിക്കുന്നതെങ്കിലും അതിലുമേറെ പട്ടയം നൽകാൻ കഴിയും. സുഭിക്ഷ ഹോട്ടലുകൾ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കും. 15 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 150 വെൽനസ് സെന്ററുകൾ, 150 വിദ്യാർഥികൾക്ക് നവകേരള ഫെലോഷിപ്പ്, 1500 ഗ്രാമീണ റോഡുകൾ, മാങ്കുളം ജലവൈദ്യുതി പദ്ധതി, ചേർത്തല മെഗാ ഫുഡ് പാർക്ക് തുടങ്ങി ഒട്ടേറെ പദ്ധതികൾ 100 ദിന പരിപാടിയുടെ ഭാഗമാണ്. കേരളത്തിന്റെ മുഖഛായ മാറ്റാനും നവകേരളം സൃഷ്ടിക്കാനുമാണു സർക്കാരിന്റെ ശ്രമം. അതിന് ഉതകുന്ന നടപടികളാണ് 100 ദിന പരിപാടിയുടെ ഭാഗമായി നടപ്പാക്കുക.

നൂറു ദിന പരിപാടിയുടെ ഭാഗമായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ 23 ലക്ഷത്തോളം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണു പ്രതീക്ഷിക്കുന്നതെന്നു മുഖ്യമന്ത്രി പറഞ്ഞു. നിർമാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു വരുന്നവയാണ് ഇത്. 100 ദിന പരിപാടിയിൽ 1557 പദ്ധതികളുണ്ടാകും. 17,183 കോടി രൂപയാണ് ഇതിൽ മുതൽമുടക്കുന്നത്. ഇത്ര ഭീമമായ തുകയ്ക്കുള്ള പരിപാടികൾ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ പ്രാവർത്തികമാകാൻ പോകുകയാണ്. ഏതെങ്കിലും ഒരു വിഭാഗത്തെയോ പ്രദേശത്തെയോ കേന്ദ്രീകരിച്ചല്ല, സമൂഹത്തിന്റെയും നാടിന്റെയും എല്ലാ ഭാഗങ്ങളേയും സമഗ്രമായി സ്പർശിക്കുന്ന പദ്ധതികളാണ് നടപ്പാക്കുന്നത്.

നാടിന്റെ വികസനം ഉറപ്പാക്കുക എന്നതാണ് ജനങ്ങൾ അധികാരത്തിലേറ്റിയ സർക്കാരിന്റെ പ്രധാന കടമ. വികസനം ഏതെങ്കിലും വിഭാഗത്തിന് ആസ്വദിക്കാനുള്ളതല്ല, നാടിനാകെ ആസ്വദിക്കാനുള്ളതാണ്. ഇപ്പോഴത്തെ വികസന പദ്ധതികൾ ഇന്നു നാം

കാണുന്ന മുതിർന്നവർക്കുള്ളതല്ല, ഇന്നു പഠിക്കുന്നവരും നാളെ പഠിക്കേണ്ടവരും അങ്ങനെ നമ്മുടെ ഭാവി തലമുറയ്ക്കും വേണ്ടിയുള്ളതാണ്. ഇവ ഒരുക്കാൻ കഴിയുന്നില്ലെങ്കിൽ വലിയ കുറ്റമായി മാറും. സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നില്ലെന്നു ജനങ്ങൾ കുറ്റപ്പെടുത്തും. ചെറുതും വലുതുമായ പദ്ധതികൾ നാടിന്റെ വികസനത്തിനാണെന്ന മനോഭാവത്തോടെയാകണം കാണേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഭൗതിക നിലവാരത്തിനൊപ്പം അക്കാദമിക് നിലവാരവും വർധിപ്പിക്കാനുള്ള ഊർജിത നടപടികൾ അടുത്ത അധ്യയന വർഷം മുതലുണ്ടാകുമെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. എല്ലാ സ്കൂളുകളിലും ആധുനിക നിലവാരത്തിലുള്ള ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ ഇതിന്റെ ഭാഗമായി സജ്ജമാക്കും. കോവിഡ് സാഹചര്യത്തിൽനിന്ന് സാധാരണ അന്തരീക്ഷത്തിലേക്കു വിദ്യാലയങ്ങൾ തിരികെയെത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും ജാഗ്രതയോടെ വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുകയാണ്. പാഠഭാഗങ്ങൾ കൃത്യമായി പഠിപ്പിച്ചു തീർക്കുന്നതിനുള്ള പരിശ്രമങ്ങൾ നടക്കുന്നു. പരീക്ഷകൾ കൃത്യസമയത്തു നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരം പൂവച്ചൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ മന്ത്രിമാരായ ആന്റണി രാജു, ജി.ആർ. അനിൽ, ജി. സ്റ്റീഫൻ എം.എൽ.എ, ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

**2020**–21 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി പദ്ധതി ആസൂത്രണ നിർവഹണത്തിന്റെയും ഭരണനിർവഹണ മികവിന്റെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുന്ന പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മുൻനിരയിൽ വരുന്ന ജില്ലാ പഞ്ചായത്തുകളിൽ തിരുവനന്തപുരം ഒന്നാം സ്ഥാനവും കൊല്ലം രണ്ടാം സ്ഥാനവും നേടി.

ബ്ലോക്ക് പഞ്ചായത്തുകളിൽ പെരുമ്പടപ്പ് (മലപ്പുറം) ഒന്നാം സ്ഥാനവും മുഖത്തല (കൊല്ലം) രണ്ടാം സ്ഥാനവും ളാലം (കോട്ടയം) മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഗ്രാമപഞ്ചായത്തുകളിൽ മുളന്തുരുത്തി (എറണാകുളം) ഒന്നാം സ്ഥാനവും എളവള്ളി (തൃശൂർ) രണ്ടാം സ്ഥാനവും മംഗലപുരം (തിരുവനന്തപുരം) മൂന്നാം സ്ഥാനവും നേടി. കോർപ്പറേഷനുകളിൽ കോഴിക്കോടിനാണ് ഒന്നാം സ്ഥാനം. നഗരസഭകളിൽ സുൽത്താൻ ബത്തേരി (വയനാട്) ഒന്നാം സ്ഥാനവും തിരൂരങ്ങാടി (മലപ്പുറം) രണ്ടാം സ്ഥാനവും നേടി.

**ജില്ലാ തലത്തിൽ മികവു തെളിയിച്ച് ഒന്നും രണ്ടും സ്ഥാനം നേടിയ ഗ്രാമപഞ്ചായത്തുകൾ**

| | |
|---|---|
| തിരുവനന്തപുരം | – 1. ചെമ്മരുത്തി<br>2. കുളത്തൂർ |
| കൊല്ലം | – 1. ശൂരനാട് സൗത്ത്,<br>2. വെസ്റ്റ് കല്ലട |
| പത്തനംതിട്ട | – 1. തുമ്പമൺ<br>2. ഇരവിപേരൂർ |
| ആലപ്പുഴ | – 1. വീയ്യപുരം<br>2. തകഴി |
| കോട്ടയം | – 1. കുറവിലങ്ങാട്<br>2. മരങ്ങാട്ടുപള്ളി |
| ഇടുക്കി | – 1. കുമളി<br>2. മരിയാപുരം |
| എറണാകുളം | – 1. കുന്നുകര<br>2. പാലക്കുഴ |
| തൃശൂർ | – 1. വള്ളത്തോൾനഗർ<br>2. അളകപ്പനഗർ |
| പാലക്കാട് | – 1. വെള്ളിനേഴി<br>2. ശ്രീകൃഷ്ണപുരം |
| മലപ്പുറം | – 1. മാറഞ്ചേരി<br>2. തൃക്കലങ്ങോട് |
| കോഴിക്കോട് | – 1. വളയം<br>2. പെരുമണ്ണ, മരുതോങ്കര |
| വയനാട് | – 1. മീനങ്ങാടി<br>2. തരിയോട് |
| കണ്ണൂർ | – 1. പാപ്പിനിശ്ശേരി<br>2. ചെമ്പിലോട് |
| കാസർഗോഡ് | – 1. ചെറുവത്തൂർ<br>2. ബേഡഡുക്ക |

സംസ്ഥാനതലത്തിൽ മഹാത്മാ അയ്യങ്കാളി പുരസ്കാരത്തിന് കൊല്ലം കോർപ്പറേഷൻ ഒന്നാം സ്ഥാനം നേടി. നഗരസഭകളിൽ താനൂർ നഗരസഭ (മലപ്പുറം) ഒന്നാം സ്ഥാനവും വൈക്കം നഗരസഭ (കോട്ടയം) രണ്ടാം സ്ഥാനവും നേടി.

സംസ്ഥാനതല മഹാത്മാ പുരസ്കാരത്തിന് പത്തനംതിട്ട ജില്ലയിലെ ഏഴംകുളം, കടമ്പനാട്, മൈലപ്ര, നെടുമ്പ്രം, റാന്നി അങ്ങാടി, തലയാഴം, ആലപ്പുഴ ജില്ലയിലെ കരുവാറ്റ, മലപ്പുറം ജില്ലയിലെ എടപ്പാൾ എന്നീ ഗ്രാമപഞ്ചായത്തുകൾ അർഹരായി.


**മഹാത്മാ പുരസ്കാരം ജില്ലാതലത്തിൽ നേടിയ ഗ്രാമപഞ്ചായത്തുകൾ**

| | |
|---|---|
| തിരുവനന്തപുരം | : മാണിക്കൽ, കൊല്ലയിൽ |
| കൊല്ലം | : എഴുകോൺ, കുമ്മിൾ, മയ്യനാട്, ശാസ്താംകോട്ട, ശൂരനാട് നോർത്ത് |
| പത്തനംതിട്ട | : ഏഴംകുളം, കടമ്പനാട്, മൈലപ്ര, നെടുംപുറം, റാന്നി അങ്ങാടി |
| ആലപ്പുഴ | : കരുവാറ്റ |
| എറണാകുളം | : തിരുമാറാടി, കുന്നുകര |
| കോട്ടയം | : തലയാഴം |
| ഇടുക്കി | : രാജാക്കാട് |
| തൃശൂർ | : കൊണ്ടാഴി |
| പാലക്കാട് | : കൊടുവായൂർ, കേരളശ്ശേരി, കടമ്പഴിപ്പുറം, കാരാകുറുശ്ശി, പൂക്കോട്ടുകാവ്, തൃത്താല |
| മലപ്പുറം | : എടപ്പാൾ |
| കോഴിക്കോട് | : കായണ്ണ, നൊച്ചാട്, പനങ്ങാട് |
| വയനാട് | : പൊഴുതന, മീനങ്ങാടി |
| കണ്ണൂർ | : പെരിങ്ങോം-വയക്കര, എരഞ്ഞോളി |
| കാസർഗോഡ് | : പനത്തടി |


AN EXCELLENT ORGANIC MANURE CUM SOIL CONDITIONER FROM COIR PITH
Coirfed
Coirfed
Cocofert
AN EXCELLENT ORGANIC MANURE CUM
SOIL CONDITIONER FROM COIR PITH
ഒരു പരിപൂർണ്ണ പരിസ്ഥിതി സൗഹാർദ്ദ ഉൽപ്പന്നം
100%
ചകിരിച്ചോറിൽനിന്നുള്ള
ജൈവവളം
മണ്ണിന് കൂട്ടായി ഇനി
കൊക്കോഫെർട്ട്
കൊക്കോഫെർട്ട്
ചകിരിച്ചോറുപയോഗിച്ച് കയർഫെഡ് തയ്യാറാക്കുന്ന തികച്ചും പ്രകൃതിദത്തമായ ജൈവവളമാണ് കൊക്കോഫെർട്ട്. കാർഷികവിളകൾക്കും മറ്റും വളരാൻ അനുകൂല സാഹചര്യമൊരുക്കുന്ന കൊക്കോഫെർട്ട് മണ്ണിനോടൊപ്പം ചേർത്ത് ഉപയോഗിക്കാം. ചെടികളുടെ ആരോഗ്യകരമായ വളർച്ചയെ സഹായിക്കുന്ന ഒട്ടേറെ ഘടകങ്ങൾ ഇതിൽ അടങ്ങിയിട്ടു്. കൂടാതെ കുറഞ്ഞ വിലയും കൂടുതൽ ഗുണനിലവാരവും. വളരെ എളുപ്പത്തിൽ ആർക്കും ഉപയോഗിക്കാവുന്ന കൊക്കോഫെർട്ടിലൂടെ ഇനി എവിടേയും ചെടികളെ വളർത്താം, മണ്ണിനെ ഫലഭൂയിഷ്ഠമാക്കാം.
The Kerala State Co-operative Coir Marketing Federation Ltd.No. 679
PB. No. 4616, Alappuzha, Kerala, India, Tel: +91 4772243627, 2243628, 2243629, fax: +91 477 2244013
Website: www.coirfed.com, www.coirfed.kerala.gov.in, E-mail: coirfedho@gmail.com, mdcoirfed@gmail.com

**Cocofert**

AN EXCELLENT ORGANIC MANURE CUM SOIL CONDITIONER FROM COIR PITH



100% ചകിരിച്ചോറിൽനിന്നുള്ള ജൈവവളം

## കൊക്കോഫെർട്ടിന്റെ സവിശേഷതകൾ

1. ഏത് മണ്ണിലും ഉപയോഗിക്കാം

2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെ ശേഷി വർദ്ധിപ്പിക്കുന്നു

3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു

4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു

5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം

6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുയും ചെയ്യുന്നു

7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം

## അടങ്ങിയിരിക്കുന്ന ഘടകങ്ങൾ

| | | |
|---|---|---|
| നൈട്രജൻ (N) | - | 1.25% |
| ഫോസ്ഫറസ് (P) | - | 0.06% |
| പോട്ടാസ്യം (k) | - | 1.20% |
| ലിഗ്നിൻ | - | 4.8% |
| സെല്ലുലോസ് | - | 10.00% |
| ഓർഗ്ഗാനിക് കാർബൺ | - | 24.00% |
| കാൽസ്യം | - | 0.50% |
| മഗ്നീഷ്യം | - | 0.48 % |
| C:N റേഷ്യോ | - | 19.1 |
| കോപ്പർ (PPM) | - | 6.20 |
| അയേൺ (PPM) | - | 0.90 |
| മാംഗനീസ് (PPM) | - | 25.00 |
| സിങ്ക് (PPM) | - | 15.80 |
| മോയിസ്ചർ | - | 50% |
| PH | - | 6.6 - 6.9 |





| | |
|---|---|
| തെങ്ങ് | - 6kg./ ചെടി |
| വാഴ | - 5kg./ ചെടി |
| കുരുമുളക് | - 5kg./ ചെടി |
| കമുക് | - 5kg./ ചെടി |
| ഏലം | - 5kg./ കൂട്ടം |
| കാപ്പി | - 5kg./ ചെടി |
| തേയില | - 5kg./ ചെടി |
| റബ്ബർ | - 2kg./ ചെടി |
| നെല്ല് | - 150kg./ ഏക്കർ |
| കപ്പ | - 2kg./ചെടി |
| വെറ്റില | - 2kg./ ചെടി |
| കൊക്കോ | - 2kg./ ചെടി |
| വാനില | - 1kg./ ചെടി |
| ജാതി | - 5kg./ ചെടി |

| | |
|---|---|
| തക്കാളി | - 0.3kg./ ചെടി |
| പയർ | - 0.3kg./ ചെടി |
| പടവലം | - 0.5kg./ ചെടി |
| ചേന | - 0.5kg./ ചെടി |
| ചേമ്പ് | - 0.5kg./ ചെടി |
| മഞ്ഞൾ | - 0.1kg./ ചെടി |
| ഇഞ്ചി | - 0.1kg./ ചെടി |
| കാബേജ് | - 0.3kg./ ചെടി |
| കാരറ്റ് | - 0.1kg./ ചെടി |
| ബീറ്റ്റൂട്ട് | - 0.1kg./ചെടി |
| മുളക് | - 0.3kg./ചെടി |
| വെ | - 0.3kg./ ചെടി |
| വഴുതന | - 0.3kg./ ചെടി |
| വെള്ളരി | - 1 kg./ ചെടി |

| | |
|---|---|
| മാവ് | - 6kg./മരം |
| പൈനാപ്പിൾ | - 1kg./ചെടി |
| മുന്തിരി | - 1kg./ചെടി |
| സപ്പോട്ട | - 3kg./ചെടി |
| റോസ് | - 0.75kg./ചെടി |
| ആന്തൂറിയം | - 0.5kg./ചെടി |
| ഓർക്കിഡ് | - 0.25kg./ചെടി |
| സീനിയ | - 0.25kg./ ചെടി |
| മുല്ല | - 0.3kg./ചെടി |
| സൂര്യകാന്തി | - 0.5kg./ ചെടി |
| ചെത്തി | - 0.3kg./ചെടി |
| ജമന്തി | - 0.3kg./ചെടി |
| തുളസി | - 0.3kg./ ചെടി |

**കോക്കോഫെർട്ട്**

പ്രകൃതിദത്തമായ ജൈവവളം

## നാട്ടുവിശേഷങ്ങൾ

# വ്യവസായങ്ങൾക്കെതിരേ നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരേ കർശന നടപടി: മുഖ്യമന്ത്രി



വ്യവസായങ്ങളോടും നിക്ഷേപകരോടും ശത്രുതാ മനോഭാവം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരേ ശക്തമായ നടപടിയുണ്ടാകുമെന്നും വ്യവസായികളെ ചൂഷണം ചെയ്യുന്ന അതിമോഹമുള്ള ഉദ്യോഗസ്ഥർ ജയിലിൽ പോകേണ്ടിവരുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരം വെള്ളാർ ക്രാഫ്റ്റ് വില്ലേജിൽ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രഖ്യാപനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ അതിവേഗത്തിൽ സർക്കാർ പൂർത്തിയാക്കുകയാണെന്നു മുഖ്യമന്ത്രി പറഞ്ഞു. നിയമങ്ങളിലും ചട്ടങ്ങളിലും ഇതിന് ആവശ്യമായ ഭേദഗതി വരുത്തി. കേരളത്തിൽ വ്യവസായം തുടങ്ങുന്നതിനു യാതൊരു തടസവുമുണ്ടാകില്ലെന്നാണു പ്രഖ്യാപിച്ചിട്ടുള്ളത്. എല്ലാ അനുമതികളും ദിവസങ്ങൾക്കകം ലഭ്യമാകും. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക അനുമതിയുടെ ആവശ്യമില്ല. മൂന്നു വർഷംകൊണ്ട് ആവശ്യമായ ലൈസൻസ് സമ്പാദിച്ചാൽ മതി. വ്യവസായം തുടങ്ങുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുണ്ടായിരിക്കുന്ന ഈ വേഗത ആർജിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിയണം.

വ്യവസായികൾ നാടിനു വലിയ തോതിൽ സേവനം ചെയ്യുന്നവരാണ്. അവരെ സമീപിക്കേണ്ടതും ആ രീതിയിൽത്തന്നെയാകണം. അവരോട് ശത്രുതാഭാവം ഉണ്ടാകരുത്. അപൂർവം ചിലർക്കെങ്കിലും ഈ മനോഭാവമുണ്ടാകുന്നുവെന്നത് അതീവ നിർഭാഗ്യകരമാണ്. അതു പൂർണമായി ഉപേക്ഷിക്കണം. വല്ലാത്ത അതിമോഹത്തിന് ഇരയാകുന്ന ചില ഉദ്യോഗസ്ഥരുണ്ട്. വലിയ നിക്ഷേപം വരുമ്പോൾ അതിന്റെ തുക കണക്കു കൂട്ടി അതിന്റെ ഭാഗമായി ഒരു തുക നിശ്ചയിച്ച് അതു വേണമെന്നു പറയാൻ മടികാണിക്കാത്ത ചിലർ കേരളത്തിലുണ്ടെന്നാണു കേൾക്കുന്നത്. അത്തരം ആളുകൾ ജയിലിൽ പോകേണ്ടിവരും. ഇത്തരം പ്രവണതകൾ ഒരു കാരണവശാലും അംഗീകരിക്കില്ല. ജനങ്ങളാണ് ഏതു സർക്കാരിന്റേയും യജമാനൻമാരെന്നു കാണണം. ഈ മനോഭാവത്തോടെയാകണം കാര്യങ്ങൾ നടക്കേണ്ടത്. നേട്ടങ്ങൾക്കിടയിലും ഇത്തരം ചില പോരായ്മകൾ സംസ്ഥാനത്തു നിലനിൽക്കുന്നുണ്ട്. അതു തിരുത്താൻ കൂട്ടായ ശ്രമം വേണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നതോടെ മുപ്പതിനായിരത്തോളം ഉദ്യോഗസ്ഥർ ഒറ്റ വകുപ്പിന്റെ ഭാഗമായി മാറിയിരിക്കുകയാണെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഏകീകൃത വകുപ്പിനായുള്ള സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾസും സബോർഡിനേറ്റ് സർവീസ് റൂൾസും രൂപപ്പെടുത്തുന്നത് അവസാന ഘട്ടത്തിലാണ്. വകുപ്പിന്റെ സംഘടനാ രൂപം തയാറായിക്കഴിഞ്ഞിട്ടുണ്ട്. ഉദ്യോഗസ്ഥ വിന്യാസം കൃത്യനിർവഹണ കാര്യക്ഷമമാക്കാനുതകുംവിധമായിരിക്കും. മൂന്നു തട്ടിൽത്തന്നെ തീരുമാനമെടുക്കാൻ കഴിയുന്ന സംവിധാനവും വകുപ്പിൽ ഒരുക്കിയിട്ടുണ്ടെന്നു മുഖ്യമന്ത്രി പറഞ്ഞു.

വകുപ്പിന്റെ ഫലപ്രദമായ പ്രവർത്തനത്തിനുവേണ്ട ഫണ്ട് സർക്കാർ ലഭ്യമാക്കും. ആറാം ധനകാര്യ കമ്മിഷൻ നിർദേശിക്കുംവിധം ഡെവലപ്മെന്റ് ഗ്രാന്റിലും മെയിന്റനൻസ് ഗ്രാന്റിലും ജനറൽ പർപ്പസ് ഗ്രാന്റിലുമുള്ള വർധന അംഗീകരിച്ചിട്ടുണ്ട്. ചരക്കു സേവന നികുതി നടപ്പാക്കിയതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾക്കു വിനോദ നികുതി ഇനത്തിൽ വന്ന നഷ്ടം സർക്കാർ നികത്തും. എല്ലാ പഞ്ചായത്തുകളിലും എൻജിനിയർമാരെ വിന്യസിക്കുകയും ഓവർസിയർ തസ്തിക സൃഷ്ടിക്കുകയും ചെയ്തു. പുനർവിന്യാസത്തിലൂടെയോ പുതിയ തസ്തിക സൃഷ്ടിക്കുന്നതുവഴിയോ രണ്ടു തസ്തികൾ വീതം അധികമായി ഓരോ തദ്ദേശ സ്ഥാപനങ്ങൾക്കും നൽകും. ഗ്രാമസഭയിലെ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. അയൽക്കൂട്ടങ്ങളേയും റസിഡന്റ്സ് അസോസിയേഷനുകളേയും താഴേത്തട്ടിലുള്ള വിവിധ സാമൂഹിക കൂട്ടായ്മകളേയും ഗ്രാമസഭകളുമായി ബന്ധപ്പെടുത്താനുള്ള സംവിധാനമൊരുക്കും. വാർഡ് വികസന സമിതി കരുത്തുറ്റതാക്കും. ആസൂത്രണത്തിനും നിർവഹണത്തിനും സന്നദ്ധാടിസ്ഥാനത്തിലുള്ള വിദഗ്ധരുടെ പങ്കാളിത്തം ഉറപ്പാക്കണം. ഓരോ പ്രദേശത്തും ഇത്തരം കാര്യങ്ങളിൽ ക്രിയാത്മക സംഭാവന നൽകാൻ ശേഷിയുള്ളവരുടെ സഹായം സ്വീകരിക്കാൻ തദ്ദേശ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം. സർക്കാർ സേവനങ്ങൾ പൗരന്റെ അവകാശമാണെന്ന ബോധ്യം എല്ലാവരുടേയും മനസിലുണ്ടാകണം. പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം. ഇതു നടപ്പാക്കുന്നതു സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ സമർപ്പിക്കണം.

വികസന പ്രശ്നങ്ങളെ തദ്ദേശ സ്ഥാപനങ്ങൾ വിശാലമായ കാഴ്ചപ്പാടോടെ സമീപിക്കണം. നഗരവത്കരണം, മാലിന്യ സംസ്കരണം, വയോജന സംരക്ഷണം, ദുരന്ത നിവാരണം തുടങ്ങി കഴിയാവുന്നത്ര വിഷയങ്ങളിൽ പ്രാദേശിക തലത്തിൽ പരിഹാരം കണ്ടെത്തണം. സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന വാതിൽപ്പടി സേവനം എന്ന ആശയം പൂർണ തോതിൽ പ്രാവർത്തികമാക്കുന്നതിനു വൊളന്റിയർമാരെ നല്ല രീതിയിൽ ഉപയോഗപ്പെടുത്തുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾക്കു വലിയ പങ്കു വഹിക്കാനുണ്ട്. പ്രാദേശിക സർക്കാരുകൾക്കു കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകി അവരുടെ ഇടപെടലുകൾ കൂടുതൽ

വിപുലവും ഊർജസ്വലവുമാക്കാനാണു സർക്കാർ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫി ചടങ്ങിൽ മുഖ്യമന്ത്രി വിതരണം ചെയ്തു.

തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ഏകീകരണം അധികാര വികേന്ദ്രീകരണത്തിലെ സുപ്രധാന മാറ്റമാണെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച തദ്ദേശ സ്വയംഭരണ മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ഏകീകൃത വകുപ്പിന്റെ രൂപീകരണം ദീർഘമായ പ്രവർത്തനത്തിന്റെ അന്ത്യമല്ല, വലിയ മാറ്റങ്ങളുടെ തുടക്കമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വരും വർഷങ്ങളിൽ ഇതുമൂലം വലിയ മാറ്റങ്ങളുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

മന്ത്രിമാരായ വി. ശിവൻകുട്ടി, ജി.ആർ. അനിൽ, ആന്റണി രാജു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ.എം. ഉഷ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ബി.പി. മുരളി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേംബർ ചെയർപേഴ്സൺ കെ.ജി. രാജേശ്വരി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഡി. ബാലമുരളി തുടങ്ങിയവർ പങ്കെടുത്തു.

# പൊതുമേഖലാ സ്ഥാപനങ്ങൾ അഞ്ചു വർഷത്തിനകം ലാഭകരമാക്കും




**അ**ഞ്ചു വർഷം കഴിയുമ്പോൾ സംസ്ഥാന സർക്കാരിന് കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ലാഭകരമാക്കുവാനാണ് സംസ്ഥാന വ്യവസായ വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്. കാലത്തിന് അനുസരിച്ച് മാറാൻ പൊതുമേഖലാ സ്ഥാപനങ്ങൾക്കു കഴിയണം. അടിമുടി പ്രൊഫഷണൽ ആയിരിക്കണം ഈ സ്ഥാപനങ്ങൾ. ഇതിനായി ഒരു ബഹുമുഖ പരിപാടി തയാറാക്കിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് മാനേജിംഗ് ഡയറക്ടർമാർക്കുള്ള പരിശീലന പരിപാടി. എറണാകുളത്ത് സംഘടിപ്പിച്ച പരിശീലനം സംസ്ഥാന വ്യവസായ നിയമ കയർ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു.

മത്സരാധിഷ്ഠിത കമ്പോള വ്യവസ്ഥയിൽ കാലുറപ്പിക്കുന്നതിനും ആഗോള സമ്പദ് വ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് കർമശേഷി വർധിപ്പിക്കുന്നതിനുമായി വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ 42 പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർക്കായാണ് റിയാബിന്റെ ആഭിമുഖ്യത്തിൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിച്ചത്. എറണാകുളം ബോൾഗാട്ടി പാലസ്, ലേക്ക് വ്യൂ ഹാളിലാണ് പരിശീലനപരിപാടി നടന്നത്. ഇൻഡസ്ട്രിയൽ കൾച്ചർ, ഓപ്പറേഷനൽ എക്സ്സെലൻസ്, ബിസിനസ് സ്ട്രാറ്റജി, മാർക്കറ്റ് ക്യാപ്ച്ചറിംഗ് എന്നീ വിഷയങ്ങളിലായിരുന്നു പരിശീലനം. തുടർന്ന് ചിന്തകളും ആശയങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കുകയും അനുബന്ധ ചർച്ചകളും നടന്നു. പ്രഗത്ഭരായ ഡോ എബ്രഹാം കോശി, പ്രൊഫ. മാണി പി. സാം, ഡോ. സജി ഗോപിനാഥ്, പ്രൊഫ. ആനന്ദക്കുട്ടൻ ബി. ഉണ്ണിത്താൻ, ഐസക് വർഗീസ്, വേണുഗോപാൽ സി. ഗോവിന്ദ്, കെ. ഹരികുമാർ, കെ.കെ. റോയ് കുര്യൻ എന്നിവർ വിവിധ സെഷനുകൾ കൈകാര്യം ചെയ്തു. സമാപന ചടങ്ങിൽ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്, വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് തുടങ്ങിയവർ പങ്കെടുത്തു.

അടുത്ത സാമ്പത്തിക വർഷംമുതൽ ഓഡിറ്റ് റിപ്പോർട്ട് ഉണ്ടെങ്കിലേ പൊതുമേഖലാ സ്ഥാപനങ്ങൾക്കു സർക്കാർ സാമ്പത്തിക സഹായം നൽകുകയുള്ളു. ഓഡിറ്റ് റിപ്പോർട്ട് കൃത്യമായിരിക്കണം. എല്ലാ സ്ഥാപനങ്ങളും മാർച്ച് 31നകം പ്രവർത്തന റിപ്പോർട്ടും (പ്രോഗ്രസ് റിപ്പോർട്ട്) മാനേജിംഗ് ഡയറക്ടർമാർ വിലയിരുത്തൽ റിപ്പോർട്ടും നൽകണം. മാനേജർ കേഡറിൽ ഓട്ടോമാറ്റിക് പ്രമോഷൻ ഇനിയുണ്ടാകില്ല. പ്രൊഫഷണൽ രീതിയിലായിരിക്കും മാനേജർമാരുടെ തെരഞ്ഞെടുപ്പ്. ഡയറക്ടർ ബോർഡിൽ മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെ മൂന്നിലൊന്ന് അംഗങ്ങൾ പ്രൊഫഷണൽസ് ആയിരിക്കും.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും മാസ്റ്റർ പ്ലാൻ അനുസരിച്ചായിരിക്കണം പ്രവർത്തിക്കേണ്ടത്. ഒരു ടീമായി പ്രവർത്തിക്കാൻ കഴിഞ്ഞാൽ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിയും. തയാറാക്കിയ പദ്ധതികൾ കൃത്യമായി നടപ്പിലാക്കുവാൻ കഴിയണം. ഇതിന് മാനേജിംഗ് ഡയറക്ടർമാർ നേതൃത്വം നൽകണം. ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ട്. അതോടൊപ്പം സർക്കാരിനെ ആശ്രയിക്കുന്ന സ്ഥാപനങ്ങളുമുണ്ട്. പ്രതികൂല സാഹചര്യത്തിലുള്ള സ്ഥാപനങ്ങളെ നന്നാക്കിയെടുക്കുന്നതാണ് വെല്ലുവിളി. പരിശീലനത്തിലൂടെ ലഭിച്ച കാര്യങ്ങൾകൂടി ഉൾപ്പെടുത്തി സ്ഥാപനങ്ങളെ പ്രൊഫഷണലായി മുന്നോട്ടുനയിക്കാൻ അവയുടെ മേധാവികൾക്ക് കഴിയട്ടെ എന്നും വ്യവസായ മന്ത്രി ആശംസിച്ചു.

# ദുബായ് ഭരണാധികാരി മുഖ്യമന്ത്രിയെ സ്വീകരിച്ചു

**ദു**ബായ് എക്സ്പോ 2020ന്റെ വേദിയിൽ യു.എ.ഇ വൈസ്പ്രസിഡന്റും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മഖ്തൂം മുഖ്യമന്ത്രി പിണറായി വിജയന് സ്വീകരണം നൽകി. അദ്ദേഹത്തോടൊപ്പം ദുബായ് കിരീടാവകാശി ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മഖ്തൂം, യു.എ.ഇ. ഉപപ്രധാനമന്ത്രിയും ധനമന്ത്രിയും ദുബായ് ഉപഭരണാധികാരിയുമായ ഷെയ്ഖ് മക്തൂം ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം, എമിറേറ്റ്സ് എയർലൈൻസ് ഗ്രൂപ്പ് ചെയർമാനും ദുബായ് സിവിൽ ഏവിയേഷൻ പ്രസിഡന്റുമായ ഷെയ്ഖ് അഹ്മദ് ബിൻ സഈദ് അൽ മക്തൂം തുടങ്ങിയവരുമുണ്ടായിരുന്നു.

കേരളത്തിന്റെ വികസനത്തിൽ യു.എ.ഇ നൽകുന്ന പിന്തുണയ്ക്ക് അദ്ദേഹത്തോട് മുഖ്യമന്ത്രി നന്ദി അറിയിച്ചു. മെച്ചപ്പെട്ട വ്യവസായ സൗഹൃദാന്തരീക്ഷം ഒരുങ്ങുന്ന കേരളത്തിൽ കൂടുതൽ നിക്ഷേപം നടത്താൻ മുൻകൈയെടുക്കണമെന്ന് അഭ്യർഥിക്കുകയും ചെയ്തു.



സംസ്ഥാന വ്യവസായ മന്ത്രി പി. രാജീവ്, ഇന്ത്യൻ അംബാസഡർ സഞ്ജയ് സുധീർ, കോൺസൽ ജനറൽ അമൻ പുരി, ലുലു ഗ്രൂപ്പ് ചെയർമാനും അബുദാബി ചേംബർ വൈസ് ചെയർമാനുമായ എം.എ. യൂസഫ് അലി എന്നിവരും സന്നിഹിതരായിരുന്നു.

# സിൽവർലൈനിന് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്: ധനമന്ത്രി

**സി**ൽവർലൈനിന് കേന്ദ്രത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കേന്ദ്ര ധനമന്ത്രിയും റെയിൽവേയും അയച്ച കത്തുകൾ ചൂണ്ടിക്കാട്ടിയാണ് ധനമന്ത്രി കാര്യങ്ങൾ വിശദീകരിച്ചത്. 2019 ഡിസംബറിൽ തന്നെ റെയിൽവേയുടെ കത്ത് ലഭിച്ചതായി മന്ത്രി പറഞ്ഞു. തുടർന്ന് ധനമന്ത്രി നിർമല സീതാരാമന്റെ കത്തും ലഭിച്ചു. 2020 ഒക്ടോബറിൽ ലഭിച്ച കത്തിൽ ഇതുസംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള കത്തുകളുടെയും നിവേദനങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ മുന്നോട്ടു പോകുന്നത്. നിയമപരമായ കാര്യങ്ങളിൽ ഊന്നിയാണ് സർക്കാർ നടപടികൾ സ്വീകരിക്കുന്നത്. പാർലമെന്റിൽ ഇതുസംബന്ധിച്ച നൽകിയ മറുപടി സാധാരണഗതിയിൽ നൽകുന്ന മറുപടി മാത്രമാണെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിന്റെ ഭാവി വികസനത്തിന്റെ ഭാഗമാണ് സിൽവർലൈൻ. ഭാവിതലമുറയെക്കൂടി കരുതിയാണ്



ഈ പദ്ധതി വേണമെന്ന് പറയുന്നത്. കേന്ദ്രം നിർദ്ദേശിക്കുന്നതനുസരിച്ചുള്ള മാറ്റം ഡി.പി.ആറിൽ വരുത്തും. സിൽവർ ലൈനിന് പണം മുടക്കാൻ തയാറായ ജിക്ക പോലെയുള്ള ഏജൻസി ലാഭകരമല്ലാത്ത ഒരു പദ്ധതിയുമായി സഹകരിക്കുമോയെന്നും മന്ത്രി ചോദിച്ചു.

# വർക്ക് ഫ്രം ഹോം പിൻവലിച്ചു

**കോ**വിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പ്രത്യേക വിഭാഗം ജീവനക്കാർക്കു വർക്ക് ഫ്രം ഹോം വ്യവസ്ഥയിൽ ജോലി ചെയ്യാൻ നൽകിയിരുന്ന ഇളവുകൾ റദ്ദാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.



*കാസർഗോഡ് കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ കയർ ഭൂവസ്ത്ര ഉപയോഗിച്ച് വിവിധ മേഖലയിൽ ഒന്നിച്ചു നിലം ഒരുക്കിയിരിക്കുന്നു. ഇതിൽ മുകളിൽ പച്ചക്കറി കൃഷിക്കായി ഉപയോഗിക്കുന്നു. സൈഡ് വശം കയർ ഭൂവസ്ത്രം വിരിച്ചു തീറ്റ പുല്ല് കൃഷി ചെയുന്നതിനായി ഉപയോഗിക്കുന്നു. വെള്ളം കാണുന്ന ഭാഗം മത്സ്യ കൃഷിക്ക് ഉപയോഗിക്കുന്നു. പച്ചക്കറി കൃഷി കഴിഞ്ഞു പൂക്കൾ ഓണം സീസൺ സമയത്തു കൃഷി ചെയുന്നു.*

# സംരംഭകത്വ വികസനത്തിന് കൈത്താങ്ങായി കെ.എഫ്.സി

## ● ഇതുവരെ 112 കോടി രൂപ വായ്പ നൽകി

**കേ**രളത്തിലെ സംരംഭകർക്കും നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ആഗ്രഹിക്കുന്നവർക്കും മികച്ച വായ്പ നൽകുന്ന സർക്കാരിന്റെ അഭിമാനസ്ഥാപനമായ കേരള ഫിനാൻഷ്യൽ കോർപറേഷൻ (കെ.എഫ്.സി) ആവിഷ്കരിച്ച സംരംഭകത്വ വായ്പാ പദ്ധതി കേരളത്തിലെ സംരംഭകർക്ക് മികച്ച കൈത്താങ്ങായി മാറിയിരിക്കുകയാണ്. ഇതുവരെ 112 കോടി രൂപയുടെ വായ്പ നൽകി. 1954 സംരംഭങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. അടുത്ത അഞ്ചു സാമ്പത്തിക വർഷക്കാലം ഓരോ വർഷവും 500 സംരംഭങ്ങൾക്ക് വായ്പ നൽകി അഞ്ചു വർഷംകൊണ്ട് 2500 സംരംഭങ്ങൾക്ക് വായ്പ ലഭ്യമാക്കുകയാണ് ലക്ഷ്യം.

കെ.എഫ്.സിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലകളിൽ വലിയ മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 2020 ജൂലൈയിലാണ് മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയെന്ന വായ്പാ പദ്ധതി കെ.എഫ്.സി ആവിഷ്കരിച്ചത്. ഏഴു ശതമാനം പലിശ നിരക്കിൽ 50 ലക്ഷം രൂപ വരെ സംരംഭങ്ങൾക്ക് വായ്പ ലഭിക്കുന്ന വിധത്തിൽ ആവിഷ്ക്കരിച്ച പദ്ധതി പിന്നീട് ഒരു കോടി രൂപ വരെ വായ്പ അഞ്ചു ശതമാനം പലിശയ്ക്ക് നൽകുന്ന തരത്തിലേക്ക് പരിഷ്ക്കരിക്കുകയായിരുന്നു.

സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ, കേരള സ്റ്റാർട്ട് അപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത 10 വർഷത്തിൽ കുറയാത്ത സ്റ്റാർട്ട് അപ്പുകൾ, പ്രവാസികളുടെ സംരംഭങ്ങൾ, കൃഷി, കോഴി വളർത്തൽ, മത്സ്യകൃഷി തുടങ്ങിയ മേഖലകളിലുള്ള സംരംഭകർക്ക് പദ്ധതി പ്രകാരം വായ്പ ലഭിക്കും. ആവശ്യമായ രേഖകൾ സഹിതം www.kfc.org യിൽ ഓൺലൈനായി അപേക്ഷിക്കാം. വിശദാംശങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. കെ.എഫ്.സിയുടെ ബ്രാഞ്ച് ഹെഡ് ചെയർപേഴ്സണും വ്യവസായ ബാങ്കിങ് വിദഗ്ധരും കെ.എഫ്.സിയുടെ നോഡൽ ഓഫിസറും അടങ്ങുന്ന കമ്മിറ്റിയാണ് തെരഞ്ഞെടുപ്പ് നടത്തുക.

50 വയസിൽ താഴെയായിരിക്കണം മുഖ്യ സംരംഭകന്റെ പ്രായം. പട്ടികജാതി പട്ടികവർഗ്ഗ സംരംഭകർക്കും വനിതാ സംരംഭകർക്കും പ്രവാസി സംരംഭകർക്കും പ്രായപരിധി 55 വയസാണ്. പുതിയ സംരംഭങ്ങൾക്ക് പുറമെ നിലവിലുള്ള സംരംഭങ്ങൾ ആധുനികവൽക്കരിക്കാനും വായ്പ അനുവദിക്കും. പദ്ധതി ചെലവിന്റെ 90 ശതമാനം വരെ വായ്പ ലഭിക്കും. അതേസമയം, പുതിയ പദ്ധതികൾക്ക് ഒരു കോടിക്ക് മുകളിലും വായ്പാ തുക അനുവദിക്കും. ഒരു കോടി രൂപ വരെ പ്രത്യേക പലിശ നിരക്കും അതിനു മുകളിലുള്ള തുകയ്ക്ക് കെ.എഫ്.സിയുടെ സാധാരണ പലിശ നിരക്കും ഈടാക്കും.

10 വർഷത്തിനുള്ളിൽ വായ്പ തിരിച്ചടച്ചാൽ മതി. ഇതിൽ അഞ്ചു വർഷം പലിശ സബ്സിഡിയുണ്ട്. സംരംഭകർക്ക് മാർഗനിർദ്ദേശങ്ങൾക്കും സഹായങ്ങൾക്കും 1800 890 1030 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാം.

# ഖാദിയുടെ ലേബലിൽ വ്യാജനെത്തുന്നു

## സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി ഖാദി ബോർഡ് വൈസ് ചെയർമാൻ



**ഖാ**ദിയുടെ ലേബലിൽ വൻ തോതിൽ വ്യാജനെത്തുന്നതായി ഖാദി ബോർഡ് വൈസ് ചെയർമാൻ പി. ജയരാജൻ പറഞ്ഞു. ഈ വിഷയം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. വിലക്കുറവ് വരുത്തിയാണ് വ്യാജ ഖാദി വിൽക്കുന്നത്. പവർലൂമിലും മറ്റും ഉത്പാദിപ്പിച്ച് വരുന്നവയാണിത്. ഖാദിയുടെ യഥാർത്ഥ മൂല്യം സംരക്ഷിക്കാതെയാണ് ഇവ നിർമിക്കുന്നത്. കഴിഞ്ഞ വർഷം 160 കോടി രൂപയുടെ ഖാദി വിൽപനയാണ് കേരളത്തിൽ നടന്നത്. ഇതിൽ അംഗീകൃത ഖാദി സ്ഥാപനങ്ങൾ ഉത്പാദിപ്പിച്ച് വിപണിയിലെത്തിയത് 68 കോടി രൂപയുടേത് മാത്രമാണെന്ന് പി. ജയരാജൻ പറഞ്ഞു.

കഴിഞ്ഞ ഏഴു പതിറ്റാണ്ടായി മുംബയിൽ ഖാദി തുണിത്തരങ്ങൾ വിറ്റഴിക്കുന്നതിൽ പേരു കേട്ട സ്ഥാപനമായ ഖാദി എംപോറിയത്തിന് വ്യാജ ഖാദി ഉത്പന്നങ്ങൾ വിറ്റഴിച്ചതിന് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ അടുത്തിടെ വിലക്ക് ഏർപ്പെടുത്തിയിരുന്നു. ദേശീയരംഗത്തെ നേതാക്കൾ വരെ ഖാദി തുണിത്തരങ്ങൾ വാങ്ങിയിരുന്നത് ഇവിടെ നിന്നായിരുന്നു. ഇതേ സ്ഥിതി കേരളത്തിലുമുണ്ട്. ഉപഭോക്താക്കൾ അംഗീകൃത ഖാദി സ്ഥാപനങ്ങളിൽ നിന്ന് വസ്ത്രങ്ങൾ വാങ്ങുകയെന്നന്നതാണ് വ്യാജ ഖാദി കേരള വിപണിയിൽ എത്തുന്നത് തടയാനുള്ള ഒരു മാർഗം.

കേരളത്തിന്റെ പരമ്പരാഗത വ്യവസായ മേഖലയായ ഖാദി വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. എല്ലാ മേഖലയിലുമെന്നതുപോലെ കോവിഡും ഇതിന് കാരണമാണ്. ഈ മേഖലയ്ക്ക് കൈത്താങ്ങായി സർക്കാർ ശ്ളാഘനീയമായ പ്രവർത്തനമാണ് നടത്തുന്നത്. തൊഴിലാളികൾക്കുള്ള ഇൻകം സപ്പോർട്ട് സ്കീമിലെ കുടിശിക നൽകാനായി പത്തു കോടി രൂപ സർക്കാർ അനുവദിച്ചു. ഇത് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകും. തൊഴിലാളികൾക്കുള്ള ഉത്പാദന ഇൻസെന്റീവ് അടുത്ത ആഴ്ച നൽകും. സർക്കാർ ജീവനക്കാരും അധ്യാപകരുമെല്ലാം ആഴ്ചയിൽ ഒരു ദിവസം ഖാദി വസ്ത്രം ധരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതും ഈ വ്യവസായത്തിന് ഒരു സഹായമാണ്.


ഖാദി മേഖലയ്ക്ക് ഉണർവേകാനുള്ള നടപടികൾ ബോർഡ് കൈക്കൊള്ളുന്നുണ്ട്. പുതിയ ഉപഭോക്താക്കളെ തൃപ്തിപ്പെടുത്തുന്ന തരത്തിൽ പുതിയ ഡിസൈനിലുള്ള ഉത്പന്നങ്ങൾ പുറത്തിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാർച്ച് മാസത്തോടെ ഇവ വിപണിയിലെത്തും. രണ്ടു വയസിന് മുകളിൽ പ്രായമുള്ള കുട്ടികളുടെ വസ്ത്രം, വിവാഹ വസ്ത്രങ്ങൾ, സാരി എന്നിവയിലെല്ലാം പുതിയ ഡിസൈനെത്തും. കേരളത്തിൽ മനില തുണിക്ക് വലിയ ഡിമാന്റ് ഉണ്ടാകുന്നുണ്ടെന്ന് വൈസ് ചെയർമാൻ പറഞ്ഞു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുമായി ബോർഡ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇവിടത്തെ വിദഗ്ധർ ഖാദി ഉത്പാദന കേന്ദ്രങ്ങളിൽ എത്തിയിട്ടുണ്ട്. തിരുവനന്തപുരം വഞ്ചിയൂരിൽ പുതിയ ഷോറൂം ആരംഭിക്കുമെന്നും ഓൺലൈൻ വിൽപനയിലേക്ക് ഉടൻ കടക്കുമെന്നും അദ്ദേഹം പറഞ്ഞു. ഈ മേഖലയിൽ പുതിയതായി 20,000 തൊഴിലവസരം സൃഷ്ടിക്കാനാണ് ഖാദി ബോർഡ് ലക്ഷ്യമിടുന്നത്. പാലക്കാട് ജില്ലയിൽ സോളാർ വൈദ്യുതി ഉപയോഗിച്ച് മോട്ടോർ പ്രവർത്തിപ്പിച്ച് ഖാദി ഉത്പാദിപ്പിക്കുന്ന പൈലറ്റ് പ്രോജക്ട് ഉടൻ ആരംഭിക്കും.

# തൊഴിലുറപ്പ് പ്രവൃത്തി സമയം പുനഃക്രമീകരിച്ചു

**വേ**നൽക്കാലത്തെ വർധിച്ച ചൂട് കാരണം സൂര്യാഘാതം ഉണ്ടാകാനുള്ള സാധ്യത പരിഗണിച്ച് ഫെബ്രുവരി 25 മുതൽ ഏപ്രിൽ 30 വരെയുള്ള കാലയളവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തി സമയം പുനഃക്രമീകരിച്ചു. പകൽ സമയം ഉച്ചയ്ക്ക് 12 മണി മുതൽ ഉച്ചതിരിഞ്ഞ് മൂന്നു മണി വരെ വിശ്രമം ആവശ്യമായി വന്നാൽ പണിയെടുക്കുന്നതിൽ നിന്നും തൊഴിലാളികളെ ഒഴിവാക്കുന്നതിനും നിശ്ചിത പ്രവൃത്തിയുടെ അളവിലും പ്രവൃത്തി ചെയ്യേണ്ട ആകെ സമയത്തിലും മാറ്റം വരുത്താതെ പ്രവൃത്തി സമയം രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്തിനുള്ളിൽ (ആകെ പ്രവൃത്തി സമയം 8 മണിക്കൂറായി നിജപ്പെടുത്തി പുനഃക്രമീകരിച്ച് നിർദേശന നൽകിയതായി മിഷൻ ഡയറക്ടർ അറിയിച്ചു.

# വ്യവസായ വികസനം കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിഷ്ക്കരിക്കും




**കേ**രളത്തിലെ വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനും നടപടി ക്രമങ്ങളും ലഘൂകരിക്കുന്നതിനും ശിക്ഷാ വ്യവസ്ഥകൾ പരിഹരിക്കുന്നതിനും സർക്കാർ നിയോഗിച്ച വിദഗ്ദ സമിതി റിപ്പോർട്ട് വ്യവസായ നിയമ കയർ മന്ത്രി പി.രാജീവ് ഏറ്റുവാങ്ങി. കൊച്ചിയിലെ ദേശീയ നിയമ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. കെ.സി. സണ്ണി അധ്യക്ഷനും നിയമപരിഷ്കരണ കമ്മീഷൻ വൈസ് ചെയർമാൻ കെ. ശശിധരൻ നായർ അംഗവും മുൻ കേന്ദ്രസർക്കാർ സെക്രട്ടറി ടി. നന്ദകുമാർ ഐ.എ.എസ് പ്രത്യേക ക്ഷണിതാവുമായ സമിതിയാണ് അതിവേഗം റിപ്പോർട്ട് തയാറാക്കി നൽകിയത്.

കഴിഞ്ഞ വർഷം ആഗസ്ത് മാസം പ്രവർത്തനമാരംഭിച്ച സമിതി 27 വ്യാപാര വ്യവസായ സംഘടനകളുൾപ്പെടെ 110 ഓളം സംരംഭകർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും ലഭിച്ച 650-ലധികം നിർദേശങ്ങളും പരാതികളും സ്വീകരിച്ചും വിവിധ സർക്കാർ വകുപ്പുകളുമായി ചർച്ച ചെയ്തും കേരളത്തിലെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും വിലയിരുത്തിയുമാണ് നിർദേശങ്ങൾ തയാറാക്കിയിട്ടുള്ളത്.

വ്യവസായ മേഖലയിലെ നിയമങ്ങളുടെ സമൂലമായ മാറ്റം സമിതി ശുപാർശ ചെയ്യുന്നു. രജിസ്റ്ററുകളും റിട്ടേണുകളും ലഘൂകരിക്കുന്നതിനുള്ള നിയമം, വ്യവസായങ്ങളുമായി ബന്ധപ്പെട്ട നിലവിലുള്ള വിവിധ നിയമങ്ങളെ ഏകീകരിക്കുന്നതിനുള്ള ശുപാർശ എന്നിവയ്ക്കൊപ്പം നിലവിലെ സേവനാവകാശ നിയമത്തിന് പകരം പുതിയൊരു നിയമവും സമിതി നിർദേശിച്ചിട്ടുണ്ട്. ഇതിന് പുറമെ 38 സംസ്ഥാന നിയമങ്ങൾ പരിശോധിച്ച് ക്രിമിനൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും സമിതി നിർദേശിക്കുന്നു. സംരംഭകരിൽ നിന്നും ലഭിച്ച പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ 12 നിയമങ്ങളിലെ 22 വകുപ്പുകളും 13 ചട്ടങ്ങളിലെ 23 വകുപ്പുകളും ഭേദഗതി ചെയ്യുന്നതിന് സമിതി നിർദേശിച്ചിട്ടുണ്ട്. ഇതിന് പുറമെ 19 പൊതു നിർദേശങ്ങളും 9 വകുപ്പുകളുമായി ബന്ധപ്പെട്ട 27 നിർദേശങ്ങളും സമിതിയുടെ റിപ്പോർട്ടിലുണ്ട്. കോവിഡിന്റെ പ്രതികൂല സാഹചര്യത്തിലും 6 മാസം കൊണ്ട് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കാനായി. കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിലേക്ക് ഈ റിപ്പോർട്ട് ഒരു പ്രധാന ചുവടുവെപ്പാണ്.

# അഴൂർ ഗ്രാമ പഞ്ചായത്തിൽ കയർ ഭൂവസ്ത്ര വിനിയോഗം



**തി**രുവനന്തപുരം ജില്ലയിലെ അഴൂർ പഞ്ചായത്തിലെ കുഴിയം വാർഡ് വർഷങ്ങളായി നേരിടുന്ന പ്രശ്നമായിരുന്നു മഴക്കാലത്തുണ്ടാകുന്ന വെള്ളക്കെട്ട്. നീർച്ചാലുകൾ അടഞ്ഞതുമൂലം ഒഴുകിവരുന്ന വെള്ളം കെട്ടിക്കിടക്കുന്നതും വേലിയേറ്റ സമയത്ത് കഠിനംകുളം കായലിൽ നിന്നും കയറുന്ന വെള്ളവും നാട്ടുകാരെ തീരാദുരിതത്തിലാഴ്ത്തിയിരുന്നു. ഇതിനു പരിഹാരമായാണ് വാർഡിലെ എല്ലാനീർച്ചാലുകളിലെയും കാടും, ചവറുകളും നീക്കം ചെയ്ത് നീർച്ചാലുകളുടെ ഭിത്തികളിൽ കയർഭൂവസ്ത്രം വിരിക്കാൻ തീരുമാനിച്ചത്.

വാർഡ് മെംബറും പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും അതോടൊപ്പം കുഴിയം കയർസംഘത്തിന്റെ പ്രസിഡന്റുമായ സുരയുടെ പ്രത്യേക ശ്രമഫലമാണ് ഇത് സാദ്ധ്യമായത്. 10 ലക്ഷം രൂപയോളമാണ് പഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി പ്രകാരം ഇതിനായി ചെലവഴിക്കുന്നത്. ഈ പദ്ധതിയുടെ വിജയം സമാന ബുദ്ധിമുട്ട് അനുഭവിക്കുന്ന മറ്റ് പ്രദേശളിലുള്ളവരും അനുകരിച്ചാൽ കയർഭൂവസ്ത്ര പദ്ധതിക്ക് അത് ഏറെ ഗുണകരമാവും.



*കോഴിക്കോട് കയർ പ്രോജക്ടിനു കീഴിലുള്ള വയനാട് കാളന്നൂർ തോട്, നെന്മേനി ഗ്രാമപഞ്ചായത്ത് 12-ാം വാർഡ് കയർ ഭൂവസ്ത്രം വിതാനം*



*തൃശൂർ ജില്ലയിലെ കോലഴി പഞ്ചായത്തിലെ പുന്നപ്പാടം കൽക്കുഴി പാലം തോട് സംരക്ഷണം കയർ ഭൂവസ്ത്ര വിതാനം*

# ചെറുകര ആദിവാസി ഊരിൽ കയർ ഭൂവസ്ത്രം വിരിച്ചു



**ആ**ദിവാസി മേഖലയിലെ കൃഷിഭൂമികൾ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കയർഫെഡിന്റെ സഹ കരണത്തോടെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിൽ കയർ ഭൂവസ്ത്രം വിതാനിക്കുന്ന പദ്ധതി നടപ്പിലാക്കി.

പരിശീലനം ലഭിച്ച തൊഴിലുറപ്പുതൊഴിലാളി കളാണ് തോടുകളിൽ കയർ ഭൂവസ്ത്രം വിരിച്ചത്. സുഗമമായി ഒഴുകാനും ഓരങ്ങൾ ഇടിയാതിരിക്കാനു മാണ് കയർ ഭൂവസ്ത്രം വിരിക്കുന്നത്. ഉദ്ഘാടനം ചെറുകര ആദിവാസി ഊരിൽ സംഘടിപ്പിച്ച ചടങ്ങിൽ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് പി. അനിൽ കുമാർ നിർവ്വഹിച്ചു. മണ്ണൊലിപ്പ് തടയാനും മണ്ണിലെ ഈർപ്പം നിലനിർത്താനും പദ്ധതി ഉപകരിക്കുമെന്നും ഉദ്ഘാടന വേളയിൽ പ്രസിഡന്റ് പറഞ്ഞു. പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ ചന്ദ്രകുമാർ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്തംഗം ഇ.കെ. സുധീർ, തൊഴിലുറപ്പ് മേറ്റുമാരായ ധന്യ, പത്മലോചന തുട ങ്ങിയവർ പങ്കെടുത്തു.



*പുതുതായി ചുമതലയേറ്റ കേരള സംസ്ഥാന കയർ കോർപ്പറേഷൻ ചെയർമാൻ ജി. വേണുഗോപാലിനെ കയർ ഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ പൊന്നാട അണിയിച്ച് ആദരിക്കുന്നു.*

# കയർ കംപോസിറ്റ് ബോർഡ് സ്കൂളിലേക്ക്

ക്ലാസ് മുറികളിൽ ഇനി കയറിന്റെ ബെഞ്ചും ഡസ്ക്കും. ജില്ലയിലെ അഞ്ച് സ്കൂളുകൾക്ക് 25 ലക്ഷം രൂപ ചെലവിൽ 25 വീതം ബെഞ്ചും ഡസ്ക്കും നൽകും. ജില്ലാ പഞ്ചായത്തിന്റേതാണ് പദ്ധതി. സംസ്ഥാനത്ത് ആദ്യമായാണ് സ്കൂളുകളിൽ കയർ ഫർണിച്ചർ ഉപയോഗിക്കുന്നത്. നിർമാണം കയർ പൊതുമേഖലാ സ്ഥാപനമായ ഫോം മാറ്റിംഗ്സ് ഇൻഡ്യാ ലിമിറ്റഡാണ് നടത്തിയിരിക്കുന്നത്.

കയർ ബോർഡിന്റെ ബംഗളൂരുവിലെ സെൻട്രൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റേതാണ് സാങ്കേതിക വിദ്യ. ചകിരി ഉപയോഗിച്ച് നിർമിക്കുന്ന കയർ കോമ്പോസിറ്റ് ബോർഡുകളാണ് (കയർ വുഡ്) ഇതിൽ ഉപയോഗിച്ചിട്ടുള്ളത്. ഫോം മാറ്റിംഗ്സിന്റെ കണിച്ചുകുളങ്ങര ഫാക്ടറിയിലാണ് നിർമാണം. ബെഞ്ചും ഡസ്ക്കുമടങ്ങിയ സെറ്റിന് 10,000 രൂപയാണ് വില. മണ്ണഞ്ചേരി, പൊള്ളേത്തൈ, ഇലപ്പിക്കുളം എന്നീ സർക്കാർ സ്കൂളുകൾക്ക് ഇവ നൽകി. കഞ്ഞിക്കുഴി, വെളിയനാട് സ്കൂളുകൾക്ക് വൈകാതെ വിതരണം ചെയ്യും.

തടിഉപയോഗം കുറക്കുന്നതിനൊപ്പം കയർ മേഖലയ്ക്കും ഫർണിച്ചർ നിർമാണം ഏറെ ഗുണം ചെയ്യും. ചകിരി നാരുകൾ സംസ്ക്കരിച്ചാണ് ബോർഡുകളാക്കുന്നത്. 19 മില്ലി മീറ്റർ കനത്തിലാണ് നിർമാണം. നാല് എംഎം മുതൽ 24 എംഎം വരെ കനത്തിൽ നിർമിക്കാനാകുമെന്ന് ഫോം മാറ്റിംഗ്സ് അധികൃതർ പറഞ്ഞു. ഏതു രൂപത്തിലും മുറിച്ചെടുക്കാനാകുന്ന ഇവ കിച്ചൺ ക്യാബിനറ്റ്, വാർഡ്റോബ്, സീലിംഗ് എന്നിവയ്ക്കും ഉപയോഗിക്കാം.

കയറിന്റെ ബോർഡിന് പ്ലൈവുഡിനേക്കാൾ ഭാരം വഹിക്കാനാകും. ചകിരി നാരുകൾ കെട്ടുപിണഞ്ഞ് കിടക്കുന്നതിനാൽ ഉറപ്പും ബലവും കൂടും. ഈർപ്പം, വെള്ളം എന്നിവ ബാധിക്കില്ല. ചിതൽ ഉൾപ്പെടെയുള്ളവയുടെ അക്രമണവുമുണ്ടാകില്ല. 25 വർഷം ആയുസുണ്ടാവും.

വ്യാവസായികാടിസ്ഥാനത്തിൽ ബോർഡ് നിർമാണം ആരംഭിക്കാനുള്ള ഒരുക്കത്തിലാണ് ഫോം മാറ്റിംഗ്സ്. കയർ മ്യൂസിയത്തിന് ഇതിനകം 600 ബോർഡ് നൽകി. ഗൃഹനിർമാണ കരാറുകാരിൽ നിന്ന് ഓർഡർ ലഭിക്കുന്നുണ്ട്.

ചകിരി നാരുകൾ ചേർത്തുണ്ടാക്കിയ കയർ കംപോസിറ്റ് ബോർഡ് ഉപയോഗിച്ച നിർമിച്ച ഡെസ്കുകൾ ആലപ്പുഴ മണ്ണഞ്ചേരി ഗവ.ഹൈസ്കൂളിലെത്തിച്ചു. പൊതുമേഖല സ്ഥാപനമായ ഫോമാറ്റിംഗ്സിന്റെ കണിച്ചുകുളങ്ങരയിലെ ഫാക്ടറിയിൽ നിർമിച്ച ഇവ ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സ്കൂളുകളിൽ വിതരണം ചെയ്യുന്നത്. ആദ്യഘട്ടമായി മണ്ണഞ്ചേരി സ്കൂളിൽ 50 ഡെസ്കുകളാണ് എത്തിച്ചത്. ബെഞ്ചും ഡെസ്കും ചേർന്ന ഒറ്റ യൂണിറ്റായുള്ള ഫർണിച്ചറിൽ ഒരേ സമയം 3 കുട്ടികൾക്ക് ഇരിക്കാം. പുസ്തകങ്ങളും ബാഗുകളും വയ്ക്കുന്നതിനും സൗകര്യമുണ്ട്.

തടിയെക്കാൾ ശക്തിയുള്ള ബോർഡിന് ഈർപ്പം പിടിക്കുകയോ ചിതലെടുക്കുകയോ ചെയ്യില്ല. മറൈൻ പ്ലൈവുഡിനെക്കാൾ ഈടുണ്ടെന്ന് ഫോം മാറ്റിംഗ്സ് അധികൃതർ പറഞ്ഞു. തടി ഉപയോഗിക്കാത്തതിനാൽ വന നശീകരണം തടയാനും പ്രകൃതി സൗഹൃദ ഉത്പന്നം നിർമിക്കാനും കഴിയുന്നതായും കമ്പനി പറഞ്ഞു. ഡെസ്കിനൊപ്പം ഓർഡർ അനുസരിച്ച് അലമാര, മേശ തുടങ്ങിയവയും നിർമിക്കുന്നുണ്ട്. മണ്ണഞ്ചേരി സ്കൂളിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. ആർ.റിയാസിൽ നിന്ന് പ്രധാനാധ്യാപിക എസ്. സുജാത ഫർണിച്ചർ ഏറ്റുവാങ്ങി. പഞ്ചായത്ത് അംഗങ്ങളായ നവാസ് നൈന, സബീന തുടങ്ങിയവർ പങ്കെടുത്തു.

# അനുസ്മരണം

# കെ.പി.എ.സി ലളിത

**2016** മുതൽ 2021 വരെ കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സണും പ്രശസ്തയായ മലയാള ചലച്ചിത്ര അഭിനേത്രിയുമായിരുന്നു കെ.പി.എ.സി ലളിത എന്നറിയപ്പെടുന്ന മഹേശ്വരിയമ്മ വാർധക്യ സഹജമായ അസുഖങ്ങൾക്ക് ചികിത്സയിലിരിക്കെ 2022 ഫെബ്രുവരി 22ന് രാത്രി 10:45ന് അന്തരിച്ചു.

ആലപ്പുഴ ജില്ലയിലെ കായംകുളം താലൂക്കിലെ രാമപുരം ഗ്രാമത്തിൽ 1947 ഫെബ്രുവരി 25ന് ജനനം. മഹേശ്വരിയമ്മ എന്നാണ് ശരിയായ പേര്. പിതാവ് - കടയ്ക്കത്തറയിൽ വീട്ടിൽ കെ. അനന്തൻ നായർ, മാതാവ് - ഭാർഗവിയമ്മ. കൃഷ്ണകുമാർ, ശ്യാമള എന്നിവർ സഹോദരങ്ങളാണ്. രാമപുരം ഗവ.ഗേൾസ് സ്കൂൾ, ചങ്ങനാശേരി വാര്യത്ത് സ്കൂൾ, പുഴവാത് സർക്കാർ സ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. വളരെ ചെറുപ്പ കാലത്ത് തന്നെ കലാമണ്ഡലം ഗംഗാധരനിൽ നിന്ന് നൃത്തം പഠിച്ചു.

ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ കൊല്ലത്ത് ഡാൻസ് അക്കാദമിയിൽ നൃത്ത പഠനത്തിന് ചേർന്നതോടെ പഠനം മുടങ്ങി. ചങ്ങനാശേരി ഗീഥാ ആർട്ട്സ് ക്ലബിന്റെ ബലി എന്ന നാടകത്തിലൂടെയാണ് നാടകരംഗത്ത് സജീവമായത്. ഗീഥയിലും എസ്.എൽ.പുരം സദാനന്ദന്റെ പ്രതിഭ ആർട്ട്സ് ട്രൂപ്പിലും പ്രവർത്തിച്ച ശേഷമാണ് കെ.പി.എ.സിയിൽ എത്തിയത്. ആദ്യകാലത്ത് കെ.പി.എ.സിയിൽ ഗായികയായി പ്രവർത്തിച്ചു. മൂലധനം, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്നീ നാടകങ്ങളിൽ ഗായികയായിരുന്ന ലളിത പിന്നീട് സ്വയംവരം, അനുഭവങ്ങൾ പാളിച്ചകൾ, കൂട്ടുകുടുംബം, ശരശയ്യ, തുലാഭാരം തുടങ്ങിയ നാടകങ്ങളിൽ അഭിനയിച്ചു.

തോപ്പിൽ ഭാസിയാണ് കെ.പി.എ.സി ലളിത എന്ന പേരിട്ടത്. 1970-ൽ ഉദയയുടെ ബാനറിൽ കെ.എസ്. സേതുമാധവൻ സംവിധാനം ചെയ്ത കൂട്ടുകുടുംബം എന്ന സിനിമയിലൂടെ മലയാള ചലച്ചിത്ര രംഗത്തെത്തിയ ലളിത പിന്നീട് മലയാള സിനിമയിലെ നിറസാന്നിധ്യമായി മാറുകയായിരുന്നു. നാടകത്തിലൂടെ അഭിനയ രംഗത്തെത്തിയ കെ.പി.എ.സി ലളിത മലയാളത്തിലും തമിഴിലുമായി ഇതുവരെ 550-ലേറെ ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. മികച്ച സഹനടിക്കുള്ള ദേശീയ പുരസ്കാരം രണ്ടു വട്ടവും സംസ്ഥാന ചലച്ചിത്ര പുരസ്കാരം നാലു പ്രാവശ്യവും ലഭിച്ചു. 2016 മുതൽ കേരള സംഗീത നാടക അക്കാദമിയുടെ ചെയർപേഴ്സനായിരുന്നു.

1970-ൽ റിലീസായ കൂട്ടുകുടുംബം സിനിമ വിജയിച്ചതോടെ പിന്നീട് ഇറങ്ങിയ ഏകദേശം എല്ലാ സിനിമകളിലും ലളിതയ്ക്ക് വേഷം കിട്ടി. 1978-ൽ സംവിധായകൻ ഭരതനെ വിവാഹം ചെയ്തതോടെ സിനിമയിൽ നിന്ന് താത്കാലികമായി ഒഴിവായെങ്കിലും 1983-ൽ ഭരതൻ സംവിധാനം ചെയ്ത കാറ്റത്തെ കിളിക്കൂട് എന്ന സിനിമയിലൂടെ മലയാളത്തിൽ വീണ്ടും സജീവ സാന്നിധ്യമായി മാറി. സന്മനസുള്ളവർക്ക് സമാധാനം, പൊന്മുട്ടയിടുന്ന താറാവ്, മുകുന്ദേട്ടാ സുമിത്ര വിളിക്കുന്നു, വടക്കുനോക്കിയന്ത്രം, ദശരഥം, വിയറ്റ്നാം കോളനി,



സ്ഫടികം, അനിയത്തിപ്രാവ് എന്നീ സിനിമകളിലും രണ്ടാം വരവിൽ ഒരുപിടി കഥാപാത്രങ്ങൾ അവതരിപ്പിച്ച് കൈയടി നേടി.

1998-ൽ ഭരതൻ മരിച്ചതിനു ശേഷം ചെന്നൈയിൽ നിന്ന് മടങ്ങിയെത്തിയ ലളിത തൃശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ ഭരതന്റെ ജന്മനാടായ എങ്കക്കാട് വീട് നിർമിച്ച് സ്ഥിരതാമസമാക്കുകയായിരുന്നു. പിന്നീട് ചലച്ചിത്ര അഭിനേത്രിയെന്ന നിലയിൽ വടക്കാഞ്ചേരിയുടെ നിറസാന്നിധ്യമായി ലളിത മാറി. സത്യൻ അന്തിക്കാട് സംവിധാനം നിർവഹിച്ച് 1999-ൽ റിലീസായ വീണ്ടും ചില വീട്ടുകാര്യങ്ങൾ എന്ന ചിത്രത്തിലൂടെയാണ് അവർ വീണ്ടും ചലച്ചിത്ര രംഗത്ത് സജീവമാകുന്നത്. അഭിനയത്തിലെ അനായാസതയായിരുന്നു കെ.പി.എ.സി ലളിതയെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്ഥയാക്കിയ ഘടകം. ഏതു വേഷങ്ങളും ചെയ്യാൻ കഴിവുള്ള ഒരു അഭിനേത്രി കൂടിയായിരുന്നു അവർ. കോമഡി വേഷങ്ങളെ അവതരിപ്പിക്കാനുള്ള കഴിവാണ് കെ.പി.എ.സി ലളിതയെ ജനപ്രിയ നടിയാക്കി മാറ്റിയത്. റിലീസിനൊരുങ്ങുന്ന ഭീഷ്മപർവ്വം, ഒരുത്തി എന്നീ സിനിമകളിലാണ് കെ.പി.എ.സി ലളിത അവസാനമായി അഭിനയിച്ചത്.

കമ്മ്യൂണിസ്റ്റ് അനുഭാവിയായിരുന്ന കെ.പി.എ.സി ലളിതയെ 2016-ൽ നടന്ന നിയമസഭ തിരഞ്ഞെടുപ്പിൽ തൃശൂർ ജില്ലയിലെ വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്ന് മത്സരിപ്പിക്കാൻ കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി തീരുമാനിച്ചപ്പോൾ സ്ഥാനാർത്ഥിയാക്കുന്നതിൽ നിന്ന് തന്നെ ഒഴിവാക്കണമെന്നായിരുന്നു ലളിതയുടെ അഭിപ്രായം. പിന്നീട് ലളിതയ്ക്ക് സംഗീത നാടക അക്കാദമി അധ്യക്ഷ സ്ഥാനം നൽകി.

പ്രശസ്ത ചലച്ചിത്ര സംവിധായകനായിരുന്ന ഭരതനാണ് ഭർത്താവ്. ശ്രീക്കുട്ടി, ചലച്ചിത്ര അഭിനേതാവായ സിദ്ധാർത്ഥ് ഭരതൻ എന്നിവർ മക്കളാണ്.

# ആദരാഞ്ജലി

## ലതാ മങ്കേഷ്കർ

**ഇ**ന്ത്യയുടെ വാനമ്പാടിയും പ്രശസ്ത ചലച്ചിത്ര പിന്നണിഗായികയുമായിരുന്നു ലത മങ്കേഷ്കർ അന്തരിച്ചു. ജനനം 1929 സെപ്റ്റംബർ 28, മരണം: 2022 ഫെബ്രുവരി 6. ഭാരതീയ സംഗീതത്തിന്റെ വാനമ്പാടി എന്നറിയപ്പെടുന്ന ലത മങ്കേഷ്കർക്ക് നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രശസ്ത ചലച്ചിത്ര പിന്നണിഗായികയായ ആശാ ഭോസ്‌ലേ ഇളയ സഹോദരിയാണ്.

പത്മഭൂഷൺ (1969), പത്മവിഭൂഷൺ (1999), ദാദാ സാഹിബ് ഫാൽക്കെ അവാർഡ് (1989), ഭാരതരത്നം (2001), മൂന്ന് നാഷണൽ ഫിലിം അവാർഡുകൾ, 12 ബംഗാൾ ഫിലിം ജേർണലിസ്റ്റ് അസോസിയേഷൻ അവാർഡുകൾ തുടങ്ങിയവ നേടിയിട്ടുണ്ട്.

മറാത്ത നാടകവേദിയിലെ ഗായകനായിരുന്ന ദീനനാഥ് മങ്കേഷ്കറുടെ ആറുമക്കളിൽ മൂത്തയാളായി 1929ൽ ഇൻഡോറിൽ ഒരു കൊങ്കണി കുടുംബത്തിൽ ലത ജനിച്ചു. അമ്മ ശുദ്ധമാതി. ഹാർദ്ദികാർ എന്ന കുടുംബപ്പേര്, ദീനനാഥിന്റെ സ്വദേശമായി ഗോവയിലെ മങ്കേഷി എന്ന സ്ഥലപ്പേരുമായി ബന്ധപ്പെടുത്തി മങ്കേഷ്കർ എന്നാക്കിയതാണ്. ലത മങ്കേഷ്കറിന്റെ ആദ്യനാമം ഹേമ എന്നായിരുന്നു - പിന്നീട്, ദീനനാഥിന്റെ ഭാവ്ബന്ധൻ എന്ന നാടകത്തിലെ കഥാപാത്രത്തിന്റെ പേരായ ലതിക എന്ന പേരുമായി ബന്ധപ്പെടുത്തി, പേരു ലത എന്നാക്കിമാറ്റുകയാണുണ്ടായത്. ഈ ദമ്പതികളുടെ മൂത്ത പുത്രിയായിരുന്നു ലത, ഹൃദ്യനാഥ് മങ്കേഷ്കർ, ആശാ ഭോസ്‌ലേ, ഉഷാ മങ്കേഷ്കർ, മീനാ മങ്കേഷ്കർ എന്നിവരാണ് സഹോദരങ്ങൾ.

പിതാവിൽ നിന്നാണ് ലത, സംഗീതത്തിന്റെ ബാലപാഠങ്ങൾ അഭ്യസിച്ചത്, അഞ്ചാമത്തെ വയസിൽ പിതാവിന്റെ സംഗീതനാടകങ്ങളിൽ അഭിനയിക്കാൻ തുടങ്ങി. ലതക്ക് പതിമൂന്ന് വയസുള്ളപ്പോൾ അച്ഛൻ മരിച്ചു. കുടുംബം പോറ്റാൻവേണ്ടി ലത സിനിമയിൽ അഭിനയിക്കാൻ തുടങ്ങി. പിന്നീട് അഭിനയം വിട്ട് സംഗീതത്തിലൂടെ ലത വളർന്നു. 1942-ൽ കിടി ഹസാൽ എന്ന മറാത്തി ചിത്രത്തിൽ നാചു യാ ഗാഥേ, ഖേലു നാ മണി ഹാസ് ബാരി എന്ന ഗാനമാണ് ആദ്യമായി ആലപിച്ചത്, എന്നാൽ ഈ ഗാനം സിനിമയിൽ നിന്നും നീക്കപ്പെടുകയായിരുന്നു. ആ വർഷം തന്നെ ലത, പാഹിലി മംഗള-ഗോർ എന്ന മറാത്തി ചിത്രത്തിൽ അഭിനയിക്കുകയും നടാലി ചൈത്രാചി നവാലായി എന്ന ഗാനമാലപിക്കുകയും ചെയ്തു. 1943-ൽ ഗജാബാഹു എന്ന ചിത്രത്തിലെ മാതാ ഏക് സപൂത് കി ദുനിയാ ബദൽ ദേ തൂ എന്നതാണ് ലതയുടെ ആദ്യ ഹിന്ദി ഗാനം. 1948ൽ ഷഹീദ് എന്ന ചിത്രത്തിനു വേണ്ടി പാടാനെത്തിയ ലതയെ ശബ്ദം നേർത്തതാണെന്ന് പറഞ്ഞ് നിർമ്മാതാവ് എസ്. മുഖർജി മടക്കി അയക്കുകയാണുണ്ടായത്.

ബോംബെ ടാക്കീസിനുവേണ്ടി നസീർ അജ്മീറി സംവിധാനം ചെയ്ത മജ്ബൂർ (1948) എന്ന ചിത്രത്തിലെ ഗുലാം ഹൈദർ സംഗീതസംവിധാനം ചെയ്ത മേരാ ദിൽ തോഡാ എന്ന ഗാനമാണ് ലതാമങ്കേഷ്കറെ ഗായികയെന്ന നിലയിൽ ശ്രദ്ധേയയാക്കിയത്. ആ ശബ്ദമാണ് പിന്നീട് ഇന്ത്യ കീഴടക്കിയത്. 15 ഭാഷകളിലായി നാല്പതിനായിരത്തോളം സിനിമാഗാനങ്ങൾ ആലപിച്ചു. ലോകത്തിലേറ്റവും കൂടുതൽ ഗാനങ്ങൾ റെക്കോർഡ് ചെയ്യപ്പെട്ടവരുടെ കൂട്ടത്തിൽ ലത മങ്കേഷ്കറുമുണ്ട്. ഹിന്ദിസിനിമാരംഗം ലതയും സഹോദരി ആഷഭോസ്ലെയും ഏതാണ്ട് പൂർണമായും കീഴടക്കി. 1999 മുതൽ 2005 വരെ രാജ്യസഭാംഗമായും പ്രവർത്തിച്ചു. 2001-ൽ ഭാരതരത്നം ലഭിച്ചു.



നെല്ല് എന്ന ചിത്രത്തിലെ 'കദളി കൺകദളി ചെങ്കദളി പൂ വേണോ..' എന്ന് തുടങ്ങുന്ന ഗാനം ലത മങ്കേഷ്കർ ആലപിച്ചതാണ്. വയലാർ രാമവർമ്മയുടെ ഈ വരികൾക്ക് ഈണമിട്ടത് സലിൽ ചൗധരിയും.

2022 ഫെബ്രുവരി 6ന് 92-ാം വയസ്സിൽ മുംബൈയിൽ വച്ച് കോവിഡ് രോഗബാധിതയായി അന്തരിച്ചു.

### മുഖ്യമന്ത്രി അനുശോചിച്ചു

ആലാപനമാധുരികൊണ്ടു ലോകത്തിന്റെ ഹൃദയം കീഴടക്കിയ സമാനതയില്ലാത്ത സംഗീതജ്ഞയായിരുന്നു ലതാ മങ്കേഷ്കർ എന്നു മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

അവരുടെ പാട്ടിനൊപ്പം വളർന്ന പല തലമുറകൾ ഉണ്ട്. അവരുടെയെല്ലാം മനസിൽ മായ്ക്കാനാവാത്ത സ്ഥാനമാണു ലതാ മങ്കേഷ്കർക്കുള്ളത്. പല പതിറ്റാണ്ടുകൾ മറ്റാരുമായും താരതമ്യപ്പെടുത്താനാവാത്തത്ര ഉയരത്തിൽനിന്ന ഈ ഗായിക ഹിന്ദിയിൽ മാത്രമല്ല ഇന്ത്യയിലെ വ്യത്യസ്തങ്ങളായ നിരവധി ഭാഷകളിൽ ഗാനങ്ങൾ ആലപിച്ചു. മലയാളിക്കും അവരുടെ നാവിൻതുമ്പിലെ മലയാളത്തിന്റെ മധുരം അനുഭവിക്കാൻ ഭാഗ്യമുണ്ടായി. ലതാ മങ്കേഷ്കറുടെ വിയോഗത്തിൽ ദുഃഖിക്കുന്ന സംഗീത ലോകത്തെയാകെ ദുഃഖം അറിയിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

Coirfed

പാരമ്പര്യത്തിന്റെ കൃത്യതയും പ്രകൃതിയുടെ
സൗഭാഗ്യവും ചേർന്ന കയർഫെഡ് ഉൽപ്പന്നങ്ങൾ







മെത്തകൾ | കയർ മാറ്റ് | കയർ മാറ്റിംഗ്സ് | കയർ ടൈൽസ് | കൊക്കോഫെർട്ട് | കൊക്കോപിത്ത് ബ്രിക്കറ്റ് | ജിയോ ടെക്സ്റ്റൈൽസ്

THE KERALA STATE CO-OPERATIVE COIR MARKETING FERDERATION Ltd. No.679, P.B.No.4616, Alappuzha, Kerala, India
Website: www.coirfed.com, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed2gmail.com
Tel: 0477 2243627, 2243628, 2243629, 2244109(D)

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 28-02-2022, February 2022




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705